പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(7) 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) 8.00 p. m ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർക്ക് കൃാന്റീനിൽ ഭക്ഷണം ശരിയായിട്ടുണ്ട്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

VIII (a) ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിൽ അപാകതയുണ്ട് എന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : ഇപ്പോൾതന്നെ മണി എട്ടായി. ഞങ്ങൾ വളരെ വിഷമിക്കുകയാണ്. അങ്ങും വിഷമിക്കുകയാണെന്ന് അറിയാം. ഇത് അത്ര അടിയന്തിരപ്രാധാന്യമുള്ള ഒരു നിയമമാണെന്ന് തോന്നുന്നുമില്ല. എന്തായാലും എല്ലാപേരും കൂടി സഹിക്കുകതന്നെ. നിയമസഭയിൽ ഇങ്ങനെയൊരു അവസ്ഥ ഉണ്ടാകാൻ പാടില്ലെന്ന അഭ്യർത്ഥനകൂടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ബഹുമാനപ്പെട്ട എം.വി. ജയരാജൻ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. പക്ഷെ ചർച്ചയിൽ സമയനിഷ്ഠ പാലിക്കാൻ കഴിഞ്ഞാൽ വേഗത്തിൽ കാര്യങ്ങൾ തീർക്കാൻ കഴിയും. ഞാൻ ശ്രീ. എം.വി. ജയരാജൻ പറഞ്ഞതിനെ സപ്പോർട്ട് ചെയ്ത് സംസാരിക്കുകയാണ്. ശ്രീ. എം.വി. ജയരാജൻ പറഞ്ഞത് സമയമില്ലാത്തതിനെക്കുറിച്ചാണ്. ഇരുഭാഗത്തുള്ള അംഗങ്ങൾക്ക് ഒരേ അഭിപ്രായമാണുള്ളത്. സമയനിഷ്ഠ പാലിക്കാൻ കഴിയുമെങ്കിൽ നമുക്ക് ഈ ചർച്ച വേഗത്തിൽ അവസാനിപ്പിക്കാം.

ശ്രീ. എം. വി. ജയരാജൻ : ഇങ്ങനെ എട്ട് ബില്ലൊക്കെ നിയമസഭയുടെ മുൻപാകെ വരുന്ന പ്രവണത ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല. ബി.എ.സി-യിൽ പ്രതിപക്ഷം എതിർപ്പ് രേഖപ്പെടുത്തിയതാണ്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഇത് ബിസിനസ് അഡ്വൈസറി കമ്മിറ്റി ചർച്ച ചെയ്ത് കക്ഷി നേതാക്കളെല്ലാപേരും കൂടിയിരുന്ന് ഷെഡ്യൂൾ ചെയ്ത് ഉണ്ടാക്കിയതാണ്. അതിന് ഇപ്പോൾ ആരേയും കുറ്റപ്പെടുത്താൻ കഴിയില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞങ്ങൾ വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തിയിരുന്നു. ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിക്കുന്ന പൂർണ്ണ തോതിലുള്ള ഒരു ബില്ലാണ് ഇത്. എത്രയോ സമയമെടുത്ത് ചർച്ച ചെയ്യേണ്ട ബില്ലാണ്. എത്രയോ നല്ല ആശയവും നിർദ്ദേശവും ഉള്ള ഒരു ബില്ലാണ്. ഇതൊക്കെ ഞാൻ ബി.എ.സി. യിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങളാണ്.

മി. സ്പീക്കർ : തർക്കംവേണ്ട. Raise your objection.

ശ്രീ. എം. വി. ജയരാജൻ : നിയമസഭാ ചട്ടം 73 പ്രകാരം ഈ ബില്ലിനോടൊപ്പം ഒരു ധനകാര്യ മെമ്മോറാണ്ടം കൂടി വയ്ക്കേണ്ടതാണ്. ധനകാര്യ മെമ്മോറാണ്ടം എങ്ങനെയായിരിക്കണമെന്നതുകൂടി ചട്ടം 73-ൽ പറയുന്നുണ്ട്. അതിൽ പറയുന്നത് പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ് എന്നാണ്. ആ ചെലവ് അന്തർഭവിക്കുന്ന ഘട്ടങ്ങളിലേയ്ക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കേണ്ടതും ബിൽ നിയമമായി പാസ്സാകുന്ന പക്ഷം ഉൾക്കൊള്ളുന്ന ആവർത്തന മതിപ്പ് ചെലവുകൂടി ഇതിൽ നൽകേണ്ടതുമാകുന്നു. ഈ ബില്ലിന്റെ മടുവിൽ, ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടുള്ളത് ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് യാതൊരു ചെലവും ഉണ്ടാകുന്നതല്ല എന്നാണ്. വിനോദസഞ്ചാര വകുപ്പിനുള്ള പദ്ധതി വിഹിതത്തിൽ നിന്ന് ചെലവ് നേരിട്ടുകൊണ്ട് ബില്ലിലെ 6(viii) ഖണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമുള്ളിടത്തെല്ലാം ഏർപ്പെടുത്തുന്നതാണ്. ആവശ്യകത ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയുന്നതല്ല. സാധാരണ പദ്ധതി വിഹിതത്തിൽ നിന്ന് കണ്ടെത്താവുന്ന വിധത്തിലല്ല സ്ഥിതി. 6(vi)-ൽ പറയുന്ന കാര്യം പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിന് ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള സർവ്വേകളും പഠനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയോ നടത്തിക്കുകയോ ചെയ്യുക. ഇതിന് വരുന്ന ചെലവ് ആരാണ് മീറ്റ് ചെയ്യുക? 6(vii)-ൽ പറയുന്നത് വിനോദസഞ്ചാര പ്രാധാന്യമുള്ള പ്രത്യേക വിനോദസഞ്ചാര മേഖലയിൽ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും ഭൂമിയോ കെട്ടിടമോ സംരക്ഷിക്കുന്നതിനായി നിർണ്ണയിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുക, ഭൂമി അക്വയർ ചെയ്യുക, കെട്ടിടം ഇടിക്കേണ്ടി വരുക, അതിന് പണം കണ്ടെത്തേണ്ടി വരുക എന്നിങ്ങനെയാണ്. അതിന് എവിടെ നിന്ന് ചെലവാക്കും? പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിന് ആവശ്യമായേക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കാൻ പണം കണ്ടെത്തണ്ടേ? ഈ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ എത്ര സാമ്പത്തിക ബാദ്ധ്യത വരുമെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ല. അതുകൊണ്ട് നല്ല ഹോംവർക്ക് ചെയ്തിട്ട് ഈ ബിൽ എടുക്കാം. ഈ ബിൽ അടുത്ത ഒരു ഘട്ടത്തിലേയ്ക്ക് മാറ്റാം. എന്റെ വിനീതമായ ഒരഭ്യർത്ഥനയാണ്. നിങ്ങളും ഹോംവർക്ക് ചെയ്തിട്ടില്ല. ഞങ്ങളും നിങ്ങളും ശരിയായവിധത്തിൽ പഠിക്കണമെന്ന് വിചാരിക്കുകയാണ്. കേരളത്തിലെ സമഗ്ര ടൂറിസം മേഖലയിലുള്ള വികസനമാണ് ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും ഉദ്ദേശിക്കുന്നതെങ്കിൽ അങ്ങനെ സമഗ്രമായവിധത്തിൽ ഒരു ഹോംവർക്ക് ചെയ്തിട്ട് ഒരു ബിൽ കൊണ്ടുവരണം. ചുടപ്പംപോലെ ചുട്ടെടുക്കുന്ന ഒരു ബിൽ ആയിക്കൂടാ. അതുകൊണ്ടാണ് ഞങ്ങൾ ഈ കാര്യങ്ങൾ ഉന്നയിക്കുന്നത്. ഇത് ഗൗരവത്തിൽ അങ്ങ് പരിഗണിക്കുമെന്ന് കരുതുകയാണ്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ഇവിടെ ബഹുമാനപ്പെട്ട എം.വി. ജയരാജൻ ഉന്നയിച്ച ഒബ്ജക്ഷൻ വളരെ പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല. ബില്ലിൽ പറഞ്ഞിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടത്തിലെ കാര്യമാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. ടൂറിസം ഡിപ്പാർട്ടുമെന്റിൽ നിലനിൽക്കുന്ന പദ്ധതികൾക്കെല്ലാം തന്നെ പ്രധാനപ്പെട്ട ഹെഡ്ഡ് എന്നുപറയുന്നത് അടിസ്ഥാന സൗകര്യങ്ങളുടെ വികസനമാണ്. ഈ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ ഒരു പ്രത്യേക സോൺ പ്രഖ്യാപിച്ച് അവിടത്തെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം ക്രമീകരിക്കാനും അതിനനുസരിച്ച് നിർദ്ദേശം നൽകാനും ഒരു സംവിധാനം ഉണ്ടാക്കുന്നതിന് തന്നെയാണ് ഉദ്ദേശിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള ഫണ്ട് ഇപ്പോൾതന്നെ നിലവിലുണ്ട്. ബഡ്ജറ്റിലുള്ള തുകയാണ് അത്. ആ ഫണ്ട് ഉപയോഗിച്ച് കാര്യങ്ങളൊക്കെ ചെയ്യാൻ കഴിയുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, കമ്മിറ്റിയുടെ കാര്യങ്ങളൊക്കെ അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ടൂറിസം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഈ പ്രവർത്തനങ്ങൾക്കെല്ലാം അടിസ്ഥാനപരമായി ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുകയിൽ നിന്നുതന്നെ ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് പ്രത്യേകിച്ച് ഒരു ധനകാര്യ മെമ്മോറാണ്ടം ഇതിനില്ലെന്ന് സൂചിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ ആശങ്ക അടിസ്ഥാനരഹിതമാണ്. പിന്നെ അദ്ദേഹം ഒരു കാര്യം സൂചിപ്പിച്ചു. ഈ ബിൽ അടിയന്തിര പ്രാധാന്യമുള്ള ഒരു ബില്ലാണെന്ന്. ഈ സഭയിലെ അപ്പുറത്തിരിക്കുന്ന അംഗങ്ങൾ തന്നെയാണ് കേരളത്തിന്റെ പ്രകൃതി സംരക്ഷിക്കുന്നതിനെക്കുറിച്ചും, മൂമി സംരക്ഷിക്കുന്നതിനെക്കുറിച്ചും ഈ മേഖലയിൽ ഉണ്ടാകേണ്ട നിയന്ത്രണങ്ങളെക്കുറിച്ചും വളരെ ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. വളരെ അടിയന്തിര പ്രാധാന്യമുണ്ടെന്ന് തോന്നിയതുകൊണ്ടും കോടതിയുടെ പല

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റുമെന്റും ഈ മംഗത്ത് ഉണ്ടായിട്ടുള്ളതുകൊണ്ടുമാണ് ഓർഡിനൻസായി ഇത് കൊണ്ടുവന്നത്. അതുകൊണ്ട് ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്നാണ് എന്റെ അഭിപ്രായം.

(b) റൂളിംഗ്

മി. സ്പീക്കർ : സാധാരണഗതിയിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവ് വരുന്ന സംഖ്യയെപ്പറ്റി പറയണമെന്നുള്ള പോയിന്റ് ശരിയാണ്. പക്ഷെ ഇതിൽ പറഞ്ഞിരിക്കുന്നത് വിനോദസഞ്ചാര വകുപ്പിലുള്ള സാധാരണ പദ്ധതിയുടെ ചെലവ് നേരിട്ട് ഈ ബില്ലിലെ 6(viii) ഖണ്ഡങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം ആവശ്യമുള്ളപ്പോൾ ഏർപ്പെടുത്തുന്നതാണ് എന്നാണ്. ആവശ്യകത ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയുകയില്ല. അതുപോലെതന്നെ പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിനാവശ്യമായേക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ നിർണ്ണയിക്കുന്ന പ്രകാരമുള്ള രീതിയിൽ സജ്ജീകരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയാത്ത ഒരു സാഹചര്യമാണ് എന്ന സ്ഥിതി കണക്കിലെടുക്കുമ്പോൾ സ്പെസിഫൈ ചെയ്യാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ആ നിലപാട് അംഗീകരിച്ചുകൊണ്ട് ഈ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

നിയമനിർമ്മാണകാര്യം (തുടർച്ച)

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : കേരളത്തിലെ അനന്തമായ സാദ്ധ്യതകൾ മുന്നിൽകണ്ടുകൊണ്ട് നമ്മുടെ സർക്കാരും സ്വകാര്യ സംരംഭകരും കൈകോർത്തുപിടിച്ചുകൊണ്ട് പോകുന്നതിന്റെ ഭാഗമായി നമുക്ക് വലിയ മുന്നേറ്റം ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. ലോക ഭൂപടത്തിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്കുള്ള സ്ഥാനം ഏറ്റവും മുന്തിയതാണ് എന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കേരളത്തിന്റെ പ്രകൃതിഭംഗി, സുഖകരമായ കാലാവസ്ഥ, അന്യാദൃശ്യരായ സാമൂഹ്യപ്രശ്നം ഇതൊക്കെക്കൊണ്ടുതന്നെയാണ് 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പേര് കേരളത്തിന് നൽകാൻ സാധിച്ചിരിക്കുന്നത്. ഈ ബില്ലിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇവിടെ ചില സാങ്കേതിക തടസ്സങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലേയ്ക്ക് അടുത്തകാലത്ത് വന്ന പോൾ മെക്കാർട്ടിനി പറഞ്ഞിരിക്കുന്നത് This has been the best birthday I have ever had in my life. I was mesmerized by the incredible display of jasmine, marry gold, roses, carnations and many others. The view under the stars was breath taking. For shooting stars, I have travelled the world but never have experienced anything quiet like this. This is our first visit to Kerala, a magical experience. ഇതാണ് അദ്ദേഹം പറഞ്ഞ അഭിപ്രായം. അതുപോലെ തന്നെ ജോസഫ് കെന്നടിയുടെ നെഹ്രു, ജോൺ എഫ്. കെന്നഡി ഇവിടെ വന്നപ്പോൾ പറഞ്ഞത് Naturally silent beauty provides a perfect setting here for contemplation എന്നാണ്. അതായത് നമ്മുടെ സൈലന്റ് പ്രകൃതിയുടെ ഭംഗിയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രത്യേകത സൃഷ്ടിച്ചിരിക്കുന്നത് എന്നാണ്. അടിസ്ഥാനപരമായ സങ്കൽപ്പം. കേരളത്തിന്റെ ഏത് പ്രദേശം എടുത്തുനോക്കിയാലും ലോകത്തിന്റെ ഏത് കോണിനെ അപേക്ഷിച്ചും പ്രകൃതി ഭംഗിയിൽ ഏറ്റവും മുന്നിൽ നിൽക്കുന്നതുകൊണ്ടാണ് 'ദൈവത്തിന്റെ സ്വന്തം നാട്'

LIBRARY ARCHIVES Kerala Legislative Assembly

എന്ന് കേരളത്തെ വിശേഷിപ്പിക്കാൻ തന്നെ കാരണം. ഏതു പ്രദേശവും പ്രകൃതിയാൽ അനുഗ്രഹീതമായതാണ്. അത് നിലനിൽക്കുന്നിടത്തോളംകാലം മാത്രമേ നമുക്ക് ഈ സാദ്ധ്യതകളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുകയുള്ളൂ എന്ന അടിസ്ഥാന തത്വമാണ് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ മേഖലയിൽ ഇത്തരം ഒരു നിയമം കൊണ്ടുവരാൻ പ്രേരിപ്പിച്ചത്. ലോകത്തിലെ ഏറ്റവും നല്ല ഒരു ബീച്ചായി കോവളം ഡെവപ്പ് ചെയ്തു. വിദേശ സഞ്ചാരികൾ ഇന്ത്യയിൽ എത്തിയാൽ ആദ്യം ആഗ്രഹിക്കുന്നത് കോവളത്ത് പോകാനാണ്. പക്ഷേ ഇന്ന് കോവളത്തിന്റെ സ്ഥിതി അത്ര ഗുണകരമല്ല എന്ന് നമുക്ക് എല്ലാവർക്കുമറിയാം. അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ, യാതൊരു ലൈസൻസിംഗും നിയന്ത്രണവുമില്ലാതെ കൂണുപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്ന കൺസ്ട്രക്ഷൻസ് ഇതൊക്കെ ബീച്ചിന്റെ മുഴുവൻ മനോഹാരിതയും നഷ്ടപ്പെടുത്തുന്നു. ദീർഘവീക്ഷണമില്ലാത്ത തലമുറയുടെ പ്രവർത്തനങ്ങളാണ് ഈ നിലയിൽ എത്തിച്ചത്. വളരെ ഫാസ്റ്റായി ഡെവലപ്പ് ചെയ്യുന്ന ഒരു ഏരിയയാണ് കുമരകം. 500 കോടി രൂപയുടെ നിക്ഷേപമാണ് 2005-2006 വർഷം കുമരകത്ത് വരാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം ഉൾപ്പെടെയുള്ള കാര്യങ്ങൾ കുമരകത്ത് നിലനിർത്തേണ്ടത് ആവശ്യമാണ്. പ്രകൃതിക്ക് ഇണങ്ങുന്ന രീതിയിലുള്ള നിയമനിർമ്മാണ പ്രവർത്തനം എന്ന സങ്കൽപ്പത്തോടുകൂടിയ ബില്ലാണിത്. ഊട്ടിയുടെ അനുഭവം നമുക്കറിയാം. അഞ്ചു കൊല്ലംമുൻപ് ഊട്ടിയിൽ പോയവർക്ക് അത് മനസ്സിലാകും. അപ്പോൾ പ്രകൃതിഭംഗിയെ നമ്മൾ തന്നെ നഷ്ടപ്പെടുത്തുന്ന സാഹചര്യം ഉണ്ടാകരുത്. പ്രകൃതിയുടെ വരദാനമായി കിട്ടിയ സൗന്ദര്യം ഇല്ലാതാക്കുന്ന ഒരു സ്ഥിതിവിശേഷം വരരുത്. ഇതിനകത്ത് നിയന്ത്രണം വേണം. അതിനുവേണ്ടിയുള്ള മുൻതൂക്കമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ടൂറിസം ഡെസ്റ്റിനേഷനുകളായിക്കിടക്കുന്ന മേഖലകളെ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന സോൺ ആയി പ്രഖ്യാപിച്ചുകഴിഞ്ഞാൽ ആ പ്രഖ്യാപിക്കപ്പെടുന്ന സോണുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ, ഒരു ഗൈഡ്ലൈനിന്റെ ഭാഗമായി മാത്രമേ നടപ്പാക്കാൻ പാടുള്ളൂ. ഒരു കമ്മിറ്റിയുടെ ഭാഗമായിട്ട് വേണം ഗൈഡ്ലൈൻ ഉണ്ടാക്കാൻ. ആ ഗൈഡ്ലൈനിന്റെ അടിസ്ഥാന തത്വം എന്ന് പറയുന്നത് കേരളത്തിന്റെ ഭൂപ്രകൃതിയും പ്രകൃതിഭംഗിയും നിലനിർത്തുക എന്നുള്ളതാണ്. അതിനുവേണ്ടിയുള്ള നടപടികളാണ് ഈ ബില്ലിന്റെ അടിസ്ഥാന തത്വം. ഇത് കേരളത്തിൽ ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ഒരു വകുപ്പാണ്. അയ്യായിരം കോടിയോളം രൂപ ഒരു വർഷം ടേൺഓവർ ഉണ്ടാക്കി തരുന്ന ഒരു വകുപ്പാണ്. എട്ട് ലക്ഷത്തോളം വരുന്ന ചെറുപ്പക്കാർക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി കൊടുക്കുന്ന ഒരു വകുപ്പാണ്. അതിന് ഭാവിയിൽ സാദ്ധ്യത വേണമെങ്കിൽ, കേരളം പോലുള്ള സംസ്ഥാനത്തിന് ഭാവി ഉണ്ടാകണമെങ്കിൽ ഈ നിയമം അനിവാര്യമാണ്. അത് മുന്നിൽ കണ്ടുകൊണ്ടാണ് ഈ ബിൽ അടിയന്തിരമായി സഭയിൽ അവതരിപ്പിച്ചിരിക്കുന്നത് എന്നാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : Sir, I move that this House resolves to disapprove the Kerala Tourisum (Conservation and Preser vation of Areas) Ordinance, 2005 (Ordinance No. 4 of 2005) സർ, ഈ ബില്ലിന്റെ പിന്നിൽ ഒരു അദൃശ്യ ശക്തിയുണ്ട്. കാരണം ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ഇവിടെ വളരെ സദുദ്ദേശപരമായ കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. ഈ ബില്ലിന്റെ അടിയന്തിര പ്രാധാന്യത്തെക്കുറിച്ച് അഭിപ്രായപ്പെട്ടിരിക്കുന്നത് ചില കോടതികളുടെ നിർദ്ദേശം നടപ്പിലാക്കുന്നതിനുവേണ്ടി എന്നാണ്. ഏത് കോടതി വിധിയാണ് എന്ന് ഇതിനകത്ത് സൂചിപ്പിച്ചിട്ടില്ല. കോടതിയുടെ പരാമർശം എന്ന് മാത്രമേ മന്ത്രിയുടെ പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ളൂ. ഞാൻ അത് ശ്രദ്ധിച്ചിരിക്കുകയായിരുന്നു. ഈ കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നത് എന്ന് പറയുമെന്ന് ഞാൻ ധരിച്ചു. കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിലെന്നാണ് അദ്ദേഹം പറഞ്ഞത്. അതല്ല സത്യം. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമീപനത്തിന്റെ തുടർച്ചയായാണ് അടിയന്തിര പ്രാധാന്യം നൽകി ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. തദ്ദേശ ഭരണസ്ഥാപനങ്ങൾ പോലുള്ള സ്ഥാപനങ്ങളുടെ അധികാരങ്ങളുടെ കരചരണങ്ങൾ ഛേദിക്കുക എന്ന ക്രൂരമായ പ്രവർത്തിയാണല്ലോ ഘട്ടംഘട്ടമായി പല രൂപത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ് ഗവൺമെന്റ് മലയോര വികസന അതോറിറ്റി, തീരദേശ വികസന അതോറിറ്റി, വർക്കല വികസന അതോറിറ്റി, മൺറോ വികസന അതോറിറ്റി, തലസ്ഥാന വികസന അതോറിറ്റി, റിവർ വികസന അതോറിറ്റി അങ്ങനെ പല അതോറിറ്റികളും ഉണ്ടാക്കി. ഇങ്ങനെ അതോറിറ്റികൾ ഉണ്ടാക്കുന്നതിന്റെ പിന്നിലുള്ള ലക്ഷ്യം എന്ന് പറയുന്നത് ഒരു പ്രത്യേക താൽപ്പര്യമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം ഈ ബിൽ വഴി എങ്ങനെ കയ്യാളുന്നു എന്നതിനെ സംബന്ധിച്ച് ഈ ബില്ലിൽ നിന്നുകൊണ്ടുതന്നെ ചർച്ച ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിനകത്ത് ടൂറിസം വികസനത്തെക്കുറിച്ച് പറഞ്ഞു. ടൂറിസം വികസിക്കുമ്പോൾ അതിന് പ്രകൃതിദത്തമായി കിട്ടിയിട്ടുള്ള വരദാനങ്ങളൊക്കെ സംരക്ഷിക്കപ്പെടണം. ഇങ്ങനെ സംരക്ഷിക്കത്തക്ക തരത്തിൽ കൈകാര്യം ചെയ്യുന്നതിന് ഒരു കമ്മിറ്റി വേണമെന്നാണ് ടൂറിസം വകുപ്പുമന്ത്രി ഈ ബില്ലിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. ഇപ്പോൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും (ഡി.ടി.പി.സി) കെ.ടി.ഡി.സി.-യും ഉണ്ട്. ഇങ്ങനെ ഒരു സംഘാടനത്തിന് രൂപം കൊടുക്കുന്നതിന്റെ പിന്നിലുള്ള ലക്ഷ്യം നിഗൂഢമാണെന്നാണ് ഞാൻ സൂചിപ്പിച്ചത്. അതിന്റെ ക്ലോസ് ബൈ ക്ലോസിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ പോകുന്നില്ല. പക്ഷേ ബില്ല് പരിശോധിക്കുമ്പോൾ ഈ നിഗൂഢ താൽപ്പര്യം നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ലളിതമായ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് വിശദമായി സംസാരിക്കണം. കാരണം വിശദമായ മറുപടി പ്രതീക്ഷിക്കുകയാണ്. ഈ ബില്ലിനകത്ത് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ താഴെ തലത്തിലുള്ള ഘടകങ്ങളുടെയും സംവിധാനങ്ങളുടെയും ഡി.ടി.പി.സി.-യുടേയും കെ.ടി.ഡി.സി.-യുടേയും സ്ഥാനം എന്തായിരിക്കും? അങ്ങ് ഇതിനകത്ത് എഴുതിവച്ചിരിക്കുന്ന ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് വിനോദസഞ്ചാരം വളരുകയും വികസിക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവളത്തും കുമരകത്തും ഫോർട്ട് കൊച്ചിയിലും മൂന്നാറിലും മറ്റു പ്രദേശങ്ങളിലുമൊക്കെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിലുള്ള സാദ്ധ്യതകൾ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ള മാസ്റ്റർ പദ്ധതികളിലൂടെ വിനോദസഞ്ചാര മേഖലകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു; അതാണ് ഉദ്ദേശ കാരണത്തിൽ പറഞ്ഞിരിക്കുന്നത്. അപ്പോൾ കോവളത്തും മൂന്നാറിലും വന്നിരിക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് തടയാൻ കഴിയാതെ, ടൂറിസത്തിന്റെ മറവിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന അനധികൃത കയ്യേറ്റങ്ങളെ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് തടയാതെ സർക്കാർ ഇങ്ങനെ ഒരു കമ്മിറ്റി രൂപീകരിച്ചു എന്നുള്ളതുകൊണ്ട് തടയാൻ കഴിയുമെന്ന് കേരളത്തിൽ ആരെങ്കിലും ധരിക്കുമോ? ടൂറിസം വികസിക്കണം. ടൂറിസത്തിൽ സ്വകാര്യപങ്കാളിത്തം ഉറപ്പു വരുത്തണം. നമ്മുടെ രാജ്യത്ത് ടൂറിസ്റ്റുകൾക്ക് സൈരമായി സഞ്ചരിക്കാനുള്ള അവസ്ഥയുണ്ടാകണം. കഴിഞ്ഞ ദിവസം ആലപ്പുഴയിൽ ഉണ്ടായ സംഭവം എനിക്കും ബഹുമാനപ്പെട്ട മന്ത്രിക്കും ഒരുപോലെ വേദനയുണ്ടാക്കുന്നതാണ്. ആ രീതിയെ നമുക്ക് നിയന്ത്രിക്കാൻ കഴിയുന്നില്ല എന്നത് സത്യമല്ലേ? ആലപ്പുഴയിലെ ടൂറിസ്റ്റ് ഹൗസ് ബോട്ടുകളിൽ നടക്കുന്നതെല്ലാം നമ്മുടെ നാടിന് നല്ലതാണെന്ന് പറയാൻ കഴിയുമോ? വഴിതെറ്റി പോകുന്ന ടൂറിസത്തെ മറ്റൊരു കേരളമാക്കി മാറ്റാതിരിക്കാൻവേണ്ടി ഈ കമ്മിറ്റി കൊണ്ട് കഴിയുമെന്ന ധാരണ കേരളത്തിൽ ആർക്കും ഇല്ല. ആയുർവേദം എന്ന് നമ്മുടെ തനതായ ചികിത്സാരീതിയിൽ യോഗവിദ്യ എന്ന് പറയുന്നത് പൗരാണിക ഭാരതത്തിൽ എന്തിനുവേണ്ടിയാണ് ഉപയോഗിച്ചത് എന്ന് നമുക്ക് എല്ലാവർക്കുമറിയാം. യുദ്ധഭൂമിയിൽ നിൽക്കുന്ന ഭടന് സ്വകാര്യ ചിന്തകളിൽനിന്നും വേറിട്ട് അവന്റെ ചിന്ത ഏകാഗ്രമാക്കാൻവേണ്ടി ആവിഷ്കരിച്ചിരിക്കുന്ന ആ യോഗവിദ്യ ഇന്ന് 'സായിപ്പേ! ഇങ്ങോട്ടു വാ, യോഗവിദ്യ ലൈംഗികശേഷി വർദ്ധിപ്പിക്കാനുള്ളതാണ്' എന്ന് പറയുന്ന സ്വാകാര്യ ഏജന്റുമാരുടെ എണ്ണം നമ്മുടെ ഇടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആ സ്ഥിതിയിലേയ്ക്ക് വഴിമാറിപോകുമ്പോഴാണ് ആലപ്പുഴയിൽ ഉണ്ടായ ദുഃഖകരമായ സ്ഥിതി ചൂണ്ടിക്കാണിക്കാൻ ഇടയായത്. ഓപ്പോസിറ്റ് സെക്സിന്റെ മസാജിംഗ് നടത്താനാണ് പലർക്കും താൽപ്പര്യം. മസാജിംഗ് നടത്തിയ മദാമ്മയെ കൈകാര്യം ചെയ്ത മസാജുകാരനെ ഒത്തുതീർപ്പുകൊടുത്ത് പറഞ്ഞുവിടുന്ന സ്ഥിതിവിശേഷമാണ്. കാരണം അവർക്ക് അങ്ങോട്ട് പോകേണ്ടതല്ലേ? ഇതൊന്നും നാടിന് ഗുണകരമല്ലാത്ത രൂപത്തിലാകരുത് എന്ന സ്ഥിതിവിശേഷം മുന്നിൽ കണ്ടുകൊണ്ടുവേണം കേരളത്തിൽ ഈ മംഗളത്തെ അനന്തസാദ്ധ്യതകൾ ഉപയോഗിക്കേണ്ടത്. ആയുർവ്വേദത്തിന് അതിന്റേതായ സിദ്ധിയുണ്ട്. അത് ഉപയോഗിക്കേണ്ട രീതിയിൽ ഉപയോഗിക്കണം. നിങ്ങൾ അനുവാദം കൊടുത്തിരിക്കുന്ന ഒരു പെറിയ ചികിൽസാ രീതിയെക്കുറിച്ച് ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും എന്ന് വിചാരിക്കുന്നു. ഒഴുകുന്ന വെള്ളത്തിൽ തയ്യാറാക്കിയിരിക്കുന്ന തോണിയിൽ വച്ച് എന്ത് ആയുർവ്വേദ തിരുമ്മൽ ആണ് നിങ്ങൾ നടത്തുന്നത്. ഒഴുകുന്ന തോണിയിൽ തയ്യാറാക്കിയിരിക്കുന്ന എണ്ണത്തോണിക്കകത്തുവച്ച് നടത്തുന്ന തിരുമ്മൽ, മണിക്കൂറുകൾ കൊണ്ട് നടത്തിക്കൊടുത്താൽ യാതൊരുവിധ ആയുർവ്വേദ

LIBRARY ARCHIVES Kerala Legislative Assembly

ഗുണവും ഉണ്ടാകില്ല എന്നറിയാൻ അധികം ആയുർവ്വേദം പഠിക്കണോ? വേണ്ട, അതിന് നമ്മൾ അനുവാദം കൊടുക്കുകയല്ലേ? ആയുർവ്വേദചികിൽസാരീതിയെ ടൂറിസം പ്രവർത്തനവുമായി ക്ലബ്ബ് ചെയ്യാൻ നമ്മുടെ സർക്കാർ അനുവാദം കൊടുത്തിരിക്കുന്നു. ഇത് കുറെ ആളുകളുടെ കൈകളിലേക്ക് ഏൽപ്പിച്ചുകൊടുക്കാൻ പോകുകയാണ്. ഞാൻ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ താൽപ്പര്യം ഇതിന്റെ പിന്നിൽ ഉണ്ടെന്ന് സൂചിപ്പിച്ചത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായി എടുക്കണ്ട, യു.ഡി.എഫ്.-ന്റെ താൽപ്പര്യം അതാണ്. കാരണം ഇതിനകത്ത് വ്യക്തമാക്കിയിരിക്കുന്ന വ്യവസ്ഥയനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിലും, ഭൂവിനിയോഗത്തിലും ഉൾപ്പെടെയുള്ള അവകാശങ്ങൾ കവർന്നെടുക്കാൻ പോകുകയാണ്. ഇതിനകത്ത് എഴുതിവച്ചിരിക്കുന്ന വകുപ്പ് അനുസരിച്ച് നിങ്ങൾ ടൂറിസത്തിന്റെ മേഖലയായി പ്രഖ്യാപിക്കുന്ന ഏരിയായിലെ കെട്ടിട നിർമ്മാണം അവിടത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നതിന്റെ പേരിൽ എന്തു പഠനവും നടത്തുന്നതിനുള്ള അവകാശം നിങ്ങൾ കവർന്നെടുക്കുകയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധികാരത്തിൽ നിങ്ങൾ ഒരിക്കൽക്കൂടി കൈവയ്ക്കുന്നു എന്നുള്ളതാണ്. കോവളത്ത് നടക്കുന്ന അനധികൃത നിർമ്മാണത്തെക്കുറിച്ച് ഇനി ഒരു പഞ്ചായത്തിനും കോർപ്പറേഷനും, മുനിസിപ്പാലിറ്റിക്കും പരാതി പറയേണ്ടി വരില്ല. നമ്മൾ ഇത് പ്രഖ്യാപിച്ചതാണ്. സ്വകാര്യ മുതൽമുടക്കിനെയൊന്നും ഞങ്ങൾ എതിർക്കുന്നില്ല. അത് അംഗീകരിക്കുകയും ചെയ്യുന്നു. പക്ഷേ ഈ ബില്ലിന്റെ ഉദ്ദേശ്യ കാരണങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിച്ചല്ലോ, പ്രത്യേക വിനോദസഞ്ചാര മേഖലയ്ക്കു വേണ്ടി ഇതിനകത്ത് രൂപീകരിക്കാൻ പറഞ്ഞിരിക്കുന്ന കമ്മിറ്റി, ആ കമ്മിറ്റിയെക്കുറിച്ച് വായിച്ചിട്ടുണ്ടാകുമെന്ന് എനിക്ക് ഉറപ്പാണ്. പക്ഷേ അത് അങ്ങനെ ആകാമോ? ഞാൻ വായിച്ചു കേൾപ്പിക്കാം, വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, വിനോദസഞ്ചാര വകുപ്പു ഡയറക്ടർ, പുരാവസ്തു വകുപ്പ് ഡയറക്ടർ, പുരാവസ്തു വകുപ്പ് സെക്രട്ടറി, കേരള സർക്കാരിന്റെ ചീഫ് ടൗൺ പ്ലാനർ ഇത്രയും പേരെയാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനകത്ത് ചെയർമാനായി നിങ്ങൾ മനസ്സിൽ ഉദ്ദേശിക്കുന്നത് വിനോദസഞ്ചാര വകുപ്പിന്റെ സെക്രട്ടറിയെ ആയിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. വിനോദസഞ്ചാര വകുപ്പിന്റെ സെക്രട്ടറിയെക്കാൾ സീനിയറായിട്ടുള്ള സെക്രട്ടറിമാർ ആരെങ്കിലുമാണ് മറ്റുവകുപ്പുകളിൽ ഉള്ളതെങ്കിൽ ഈ കമ്മിറ്റികളിൽ അവർ പങ്കെടുക്കുമോ? പങ്കെടുക്കില്ല എന്നുള്ള ഒട്ടേറെ അനുഭവങ്ങൾ നമ്മുടെ മുമ്പിലില്ലേ? വിനോദസഞ്ചാര വകുപ്പിന്റെ സെക്രട്ടറിയേക്കാൾ സീനിയറായ ഐ.എ.എസ്. ഉദ്യോഗസ്ഥനാണ് ഈ പറയുന്ന മറ്റ് വകുപ്പുകളുടെ സെക്രട്ടറി എങ്കിൽ പങ്കെടുക്കില്ല. നമ്മുടെ മുമ്പിലുള്ള അനുഭവങ്ങൾ അതല്ലേ? ഇതിന്റെ ചെയർമാനായി നിങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത് അങ്ങനെയാണ്. നിങ്ങൾ ഇതിനകത്ത് ഒരു ഔദാര്യം കാണിച്ചിരിക്കുന്നു. കമ്മിറ്റിയിലേക്ക് ജില്ലാ ടൗൺ പ്ലാനറെയും അതതു സംഗതിപോലെ പ്രത്യേക വിനോദസഞ്ചാര മേഖലയിൽ ഉൾപ്പെട്ട പ്രദേശത്ത് ആധികാരികതയുള്ള തദ്ദേശാധികാര സ്ഥാപനങ്ങളിലെ പ്രസിഡന്റിനേയോ അഥവാ ചെയർപേഴ്സനേയോ ചെയർമാന് കൂടുതലായി ഉൾപ്പെടുത്താവുന്നതും അങ്ങനെ കൂടുതലായി ഉൾപ്പെടുത്തിയ ഓരോ അംഗത്തിനും കമ്മിറ്റി യോഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കുന്നതിനും നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള സംഗതികളെ സംബന്ധിച്ച് വോട്ട് ചെയ്യുന്നതിനുമുള്ള അവകാശവും ഉണ്ടായിരിക്കും. വിളിക്കുക, ഇരുത്തുക, കാര്യം പറയുക. പിന്നെ പറഞ്ഞുവിട്ടേക്കുക അതാണ് ജനപ്രതിനിധികൾക്ക് നിങ്ങൾ ഇതിനകത്ത് കൊടുത്തിരിക്കുന്ന പ്രാധാന്യം, അംഗീകാരം. മഹാത്മജിയുടെ സ്വപ്നമായ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ നിങ്ങൾ പറഞ്ഞിരിക്കുന്നത് എന്താണ്? ജനങ്ങൾ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തിലെ ഭരണാധികാരികളെ ഈ ഗവൺമെന്റ് സെക്രട്ടറിക്ക് വിളിച്ചിരുത്തി ഔദാര്യത്തിൽ വോട്ട് ചെയ്യിക്കാമെന്നാണ് ഇതിനകത്ത് എഴുതിവച്ചിരിക്കുന്നത്. അതാണ് ഞാൻ പറഞ്ഞത്, ജനാധിപത്യ സ്ഥാപനങ്ങളുടെ അധികാരങ്ങൾ, അവകാശങ്ങൾ കവർന്നെടുക്കുക എന്ന ഹിഡൻ അജണ്ട ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റേതാണെന്ന്. അതാണ് നിങ്ങൾ ഈ അതോറിറ്റികൾ രൂപീകരിച്ചുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. അതിന്റെ ഭാഗമാണ് വിനോദസഞ്ചാര മേഖലയിൽ ഇപ്പോൾ നിങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഈ ബില്ലിനെ ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ ചർച്ചയിൽ പങ്കെടുക്കുന്നത്. ഈ കമ്മിറ്റിയുടെ കർത്തവ്യങ്ങൾ പറഞ്ഞിരിക്കുന്ന നാലാമത്തെ പാരഗ്രാഫ് ഞാനൊന്ന് വായിക്കാം. വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിക്കുന്നതും തദ്ദേശാധികാര സ്ഥാനങ്ങൾ നിശ്ചയിക്കുന്നതും സംബന്ധിച്ച് തദ്ദേശാധികാര സ്ഥാപനങ്ങൾക്ക് ഉചിതമായ ഉപദേശം നൽകിക്കൊണ്ട് ശരിയായും ചിട്ടയായും പദ്ധതികൾ നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുക, തദ്ദേശ ഭരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ഘടകവുമായി ഈ ഉദ്യോഗസ്ഥർക്ക് അധികാരം കൊടുക്കുകയാണ്; തദ്ദേശ ഭരണ സ്ഥാപനങ്ങളുടെമേൽ ഉദ്യോഗസ്ഥരെ പ്രതിഷ്ഠിച്ചുകൊടുക്കുന്ന നയമാണെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ ആദ്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു ബുദ്ധിമുട്ട് തോന്നിക്കാണും, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിനെ പിടിച്ചുകൊണ്ട് വന്നിരിക്കുന്നു എന്ന്. ഇതിന്റെ പിന്നിലുള്ള താൽപ്പര്യം അതാണ്. ജനപ്രതിനിധികളുടെ മുകളിൽ ബ്യൂറോക്രസിയെ സ്ഥാപിച്ചുകൊടുക്കുക. ഇതാണ് നാലാം വകുപ്പിൽ നിങ്ങൾ കമ്മിറ്റിയുടെ കർത്തവ്യം എന്നുപറയുന്നത്. അടുത്തത് നിങ്ങൾ പറഞ്ഞിരിക്കുന്നത് അതിനേക്കാൾ അപകടകരമാണ്. വിനോദസഞ്ചാര വികസന പദ്ധതിക്ക് വിരുദ്ധമായോ അഥവാ അത് ലംഘിച്ചുകൊണ്ടോ ഉള്ള അനധികൃത നിർമ്മാണമോ ഭൂവികസനമോ ഭൂമി കയ്യേറ്റമോ അപ്രകാരമുള്ള മറ്റു പ്രവർത്തികൾക്കോ എതിരായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ അധികാര സ്ഥാപനത്തിന് നിർദ്ദേശം നൽകുക. ഒരു പഞ്ചായത്തിൽ, ഒരു മുനിസിപ്പാലിറ്റിയിൽ, ഒരു കോർപ്പറേഷനിൽ ഒരു കെട്ടിട നിർമ്മാണ പ്രവർത്തനം നടത്തണമെങ്കിൽ അതിന്റെ അവസാന അതോറിറ്റി ആരാണ്? യു.ഡി.എഫ്. ഭരിക്കുന്നത് ആയാലും, എൽ.ഡി.എഫ്. ഭരിക്കുന്നതായാലും തദ്ദേശ ഭരണ സ്ഥാപനമാണ്. അതിനു മുകളിൽ നിങ്ങൾ ഈ ഉദ്യോഗസ്ഥരെ പ്രതിഷ്ഠിക്കുന്നതിന്റെ ഉദ്ദേശം എന്താണ്? അതാണ് ഇതിനകത്ത് നയപരമായ ഒരു സമീപനം ഉണ്ടെന്ന് ഞാൻ പറഞ്ഞത്. ആ മേൽക്കോയ്മ അംഗീകരിച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറല്ല; ഞങ്ങൾ അനുവദിക്കില്ല. ഇങ്ങനെ ഒരു സംവിധാനം ഇല്ലാതെ കേരളത്തിൽ ടൂറിസം വികസിപ്പിക്കാൻ കഴിയില്ലേ? കഴിയും, അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രി കേരളത്തിലെ ജനാധിപത്യ സ്ഥാപനങ്ങളുടെ, പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെ മുകളിൽ ഉദ്യോഗസ്ഥ ബ്യൂറോക്രസിയുടെ ആധിപത്യം അടിച്ചേൽപ്പിക്കാൻ വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽ പിൻവലിക്കണം. ഈ നിയമനിർമ്മാണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ ഒരു കാര്യം മനസ്സിലാക്കണം. ബഹുമാന്യരായ മന്ത്രിമാരുടെ സാന്നിദ്ധ്യം ഈ നിയമ നിർമ്മാണത്തെ സമ്പുഷ്ടമാക്കുകയല്ലേ? ഞങ്ങൾ സഹകരിക്കാം, ഞങ്ങൾക്ക് പ്രതിഷേധമുണ്ട്. പ്രത്യേക വിനോദസഞ്ചാര മേഖലയിൽപ്പെട്ട ഭൂമിയുടെ ഉപയോഗം ഏതുവിധത്തിൽ ആയിരിക്കണം, അതിന്റെ വികസനം നടപ്പാക്കിക്കൊണ്ടോ അഥവാ സംരക്ഷിച്ചുകൊണ്ടോ എന്നും പ്രത്യേക വിനോദസഞ്ചാര മേഖലയിൽ ഈ പ്രദേശത്തിന്റെ വികസനത്തിന് സാരവത്തായ ഏതെങ്കിലും സ്വാധീനം ചെലുത്താൻ ഇടയുള്ള സംഗതികളും കമ്മിറ്റി തയ്യാറാക്കുന്ന വിനോദസഞ്ചാര പദ്ധതിയിൽ കാണിക്കേണ്ടതാണ്. ഈ രാജ്യത്ത് ഭൂവിനിയോഗ നിയമമില്ലേ? ഉദ്യോഗസ്ഥർക്ക് ഭൂവിനിയോഗം നടത്താൻ എന്താണ് അധികാരം? വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ അവിടെ കെട്ടിട നിർമ്മാണം നടത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അംഗീകാരം വേണ്ട. ആ ഭൂമി എങ്ങനെ വിനിയോഗിക്കണം എന്ന് ഉദ്യോഗസ്ഥർക്ക് തീരുമാനിക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതല്ലേ ഈ ബിൽ? ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ പ്രത്യേക മേഖലയും സംവിധാനവും ഉണ്ടാക്കിക്കൊണ്ട് ഈ രൂപത്തിൽ ഇത് കൈകാര്യം ചെയ്യുന്നതിന്റെ സോദ്ദേശത്തെ യു.ഡി.എഫ്.-ന്റെ താൽപ്പര്യമായിട്ട് ഞാൻ കാണുന്നു.

[അദ്ധ്യക്ഷ വേദിയിൽ ചെയർപേഴ്സൺ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ.]

ശ്രീ. വർക്കല കഹാർ: കോവളത്ത് അനധികൃത നിർമ്മാണം നടത്താൻ ലൈസൻസ് കൊടുത്തത് ആരാണ്? തദ്ദേശഭരണ സ്ഥാപനമായിരുന്നു കൊടുത്തത്. ഗ്യാരന്റി കൊടുത്തതിന്റെ അവസാന വാക്ക് തദ്ദേശഭരണ സ്ഥാപനമായിരുന്നെങ്കിൽ അതിന് മുകളിൽ ചോദിക്കാൻ ആർക്കും അവകാശമില്ലെങ്കിൽ.....

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ മറുപടി പറയുമ്പോൾ വിഷമിക്കരുത്. അരിയെത്ര എന്ന് ചോദിക്കുമ്പോൾ പയറഞ്ഞാഴി എന്ന് പറഞ്ഞതുപോലെ ചോദിക്കാതിരിക്കുക. അല്ലെങ്കിൽ ആട്ടിൻകാട്ടവും ചീവക്കിഴങ്ങും തിരിച്ചറിയാൻ വയ്യെന്ന് തോന്നിപ്പോകും. ലൈസൻസ് കൊടുത്തിരിക്കുന്നത് അനധികൃത നിർമ്മാണത്തിനല്ല, ഹോട്ടൽ നടത്താനാണ്. അനധികൃത നിർമ്മാണത്തിനും റോഡ് കൈയേറാനും ലൈസൻസ് കൊടുത്തോ, അതിനെക്കുറിച്ച് നിങ്ങൾ അന്വേഷിച്ചു നോക്കുക. സർക്കാരിന്റെ റോഡ് കൈയേറാൻ ആരും പറഞ്ഞിട്ടില്ല. ഈ പറ്റിപ്പ് നാട്ടുകാരെ അറിയിക്കാനാണ് ഞാൻ ഈ വിഷയം ചർച്ച ചെയ്യുന്നത്. കോവളം, മൂന്നാർ, വാഗമൺ എന്നിവിടങ്ങളിൽ നമ്മൾ ഒരു പ്രഖ്യാപനം നടത്തുന്നു. പ്രഖ്യാപിച്ച് ആരെ ഏൽപ്പിക്കുന്നു. അളിയനേയോ കൊച്ചേട്ടനേയോ നമ്മുടെ മുന്നിൽ വന്ന് ഓച്ചാനിച്ച് നിൽക്കുന്ന ഉദ്യോഗസ്ഥരെ ഏൽപ്പിച്ചിട്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കമ്മിറ്റി ഉണ്ടാക്കി, 'അവന് അവിടെ കൊട്, ഇവിടെ ഇവന് കൊട്, മറ്റേടത്ത് മരുമകന് കൊട്' എന്ന് പറയാനല്ലേ ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നത്. ഇതിന് ഞങ്ങളെ കിട്ടില്ല. കള്ളന്മാർക്ക് പണി നടത്താൻ വേണ്ടി ഓരോ മേഖല ഉണ്ടാക്കിയിട്ട് അവിടെ കെട്ടിട നിർമ്മാണത്തിന് ഈ കമ്മിറ്റിക്ക് അധികാരം കൊടുത്തിരിക്കുന്നു. യഥാർത്ഥത്തിൽ ഇത്രയും മുന്നേ എന്തെക്കൊണ്ട് പറയിക്കാനാണ്

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം ഉപകരിച്ചത്. അതിനകത്ത് എന്താണ് പറഞ്ഞിരിക്കുന്നത്, അഞ്ചടി നീളം, മൂന്നിഞ്ച് വണ്ണം, കറുത്ത നിറം, താടിയുണ്ടായിരിക്കണം, ഒത്താൽ ഡൈ ചെയ്തതായിരിക്കണം. ഞാൻ പേരു പറയുന്നില്ല. മരുമകൻ ആയിരിക്കുമെന്നും പറയുന്നില്ല. ഇത്രയുംകൊണ്ട് ഞാൻ ഇപ്പോൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്:</u> ബഹുമാനപ്പെട്ട ഹരിപ്പാട് മെമ്പർ ആധികാരികമായി ടൂറിസം മേഖലയെ സംബന്ധിച്ച് സംസാരിക്കുകയാണല്ലോ? ഇവിടെ ബഹുമാനപ്പെട്ട വർക്കല കഹാർ, കോവളത്ത് നടന്ന ഇടപാടിൽ ഇടതുപക്ഷത്തിന്റെ പങ്കാളിത്തത്തെപ്പറ്റി ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹരിപ്പാട് മെമ്പറോട് ചോദിക്കാനുള്ളത് യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള ഇടപാടുകളൊക്കെ നടത്തിയിട്ടുള്ളത് ഇടതുപക്ഷ മുന്നണിയുമായി ബന്ധപ്പെട്ട ആളുകളല്ലേ എന്നാണ്? പാതിരാമണൽ അങ്ങയുടെ ജില്ലയിലാണല്ലോ? ജി.ഒ. 332/2000 പ്രകാരം പാതിരാമണൽ സഹകാര്യ വ്യക്തികൾക്ക് തീറെഴുതിക്കൊടുത്തു.

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> അങ്ങനെയൊരു ജി.ഒ. ഇല്ല. ഉണ്ടെങ്കിൽ മേശപ്പുറത്ത് വയ്ണം. വെറുതേ പറഞ്ഞാൽ ഒക്കുമോ? പാതിരാമണലിൽ നടന്നതെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ഇതിനകത്ത് 4(1) വിനോദസഞ്ചാരത്തിന്റെ ആവശ്യത്തിലേയ്ക്ക് ഭൂമി വിനിയോഗിക്കുന്നതും ആസൂത്രണവും ഭൂമി നീക്കിവയ്ക്കുന്നതും സംബന്ധിച്ച നയം രൂപീകരിക്കുന്നതിന് നാല് ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയിരിക്കുന്നു. ഈ രാജ്യത്ത് നിയമവ്യവസ്ഥയൊന്നും ഇല്ലായിരുന്നോ? ഇതിന് ആസൂത്രണം നടത്താനും ഭൂമി വിനിയോഗിക്കാനും നിർമ്മാണപ്രവർത്തനങ്ങളുടെ നിയന്ത്രണവും ഉൾപ്പെടെ വിനിയോഗത്തിന്റെ നിയന്ത്രണം ഇതെല്ലാം ആരോടെങ്കിലും ചോദിക്കണ്ടേ? അങ്ങ് പറഞ്ഞിരുന്നു, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപദേശം കൊടുക്കാൻ അവരുടെ മുകളിൽ സാറന്മാരെ വച്ചിരിക്കുന്നു എന്ന്. ഈ കമ്മിറ്റിയുടെ അധികാരങ്ങൾ ആറാമത്തെ ഭാഗത്തെയ്ക്ക് വരുമ്പോഴാണ് അത് നേരിട്ട് ബോദ്ധ്യപ്പെടുന്നത്. പ്രത്യേക വിനോദസഞ്ചാര മേഖലകളുടെ പദ്ധതികൾക്കോ വികസന പ്രവർത്തനങ്ങൾക്കോ അനുമതി നൽകുക. എന്നാൽ നിങ്ങൾ എഴുതി, എല്ലാ അധികാരങ്ങളും അവർക്ക് കൊടുക്കുക. അധികാരം കൊടുത്താൽ ഇങ്ങനെ ഇരിക്കും. ഇങ്ങനെ കമ്മിറ്റി ഉണ്ടാക്കിവച്ച് എല്ലാ അധികാരങ്ങളും അവർക്ക് കൊടുക്കുക. കാല് വെട്ടി തോട്ടിലിടാൻ, ഉടൽ കൊണ്ടുവന്ന് കായലിൽ തള്ളാൻ, തല വെട്ടിയെടുത്തുകൊണ്ടു പോകാൻ, അധികാരം കിട്ടിയ ഡിവൈ.എസ്.പി. ചെയ്തത് അതാണ്. കൈയിൽ കിട്ടുന്ന അധികാരം എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ളതിന്റെ തെളിവല്ലേ?

<u>ശ്രീ. വി. ഡി. സതീശൻ:</u> ആറാമത്തെ ക്ലാസിൽ പ്രത്യേക വിനോദസഞ്ചാര മേഖലയുടെ വിനോദസഞ്ചാര വികസന പദ്ധതികളും മാർഗ്ഗനിർദ്ദേശ രേഖകളും അംഗീകരിക്കുക എന്നു വച്ചതുകൊണ്ടാണ് അദ്ദേഹം പരാതി പറഞ്ഞത്. കമ്മിറ്റിയിൽ ഇപ്പോഴുള്ള അംഗം തന്നെയാണ് കേരളത്തിലെ വിനോദസഞ്ചാര പദ്ധതികളെയെല്ലാം അംഗീകരിച്ചുകൊടുക്കുന്ന വർക്കിംഗ് ഗ്രൂപ്പിലെ അംഗം. അങ്ങ് തെരഞ്ഞെടുക്കുകയും മനഃപൂർവ്വം പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങനെയാണെങ്കിൽ ഒരു കാര്യം ചെയ്യട്ടെ. ഈ ബില്ല് പിൻവലിക്കട്ടേ. ശ്രീ വി. ഡി. സതീശൻ പറഞ്ഞതാണ് വാദമുഖത്തിൽ അംഗീകരിക്കുന്നത് എങ്കിൽ ഈ ബില്ലിന്റെ ആവശ്യമില്ല. അത് എടുത്താൽ പോരേ? ഞാൻ വക്കീലല്ല. എനിക്ക് വായിച്ചാൽ മനസ്സിലാകും.

ശ്രീ. എ. കെ. ബാലൻ: വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വ്യവസ്ഥ ചെയ്യുന്ന ഒരു സമഗ്രമായ നിയമനിർമ്മാണം നടപ്പാതിരായ്ക്ക് കൊണ്ടു വരുന്നതിന്റെ പ്രസക്തി ബഹുമാനപ്പെട്ട മെമ്പർ ഒന്ന് പറഞ്ഞുതരുമോ?

ശ്രീ. ടി. കെ. ദേവകുമാർ: ബി.എ.സി.യിൽ എതിർപ്പ് അവഗണിച്ചുകൊണ്ട് ഭൂരിപക്ഷത്തിന്റെ തീരുമാനപ്രകാരം സഭാവമായി കൊണ്ടുവന്നെങ്കിലും പ്രതിപക്ഷ അംഗങ്ങൾ അപ്പുറത്തുള്ള മന്ത്രിമാരുടെ സാന്നിദ്ധ്യത്തെക്കുറിച്ച് സൂചിപ്പിച്ചല്ലോ? ബഹുമാനപ്പെട്ട മന്ത്രിയുണ്ട്. അദ്ദേഹം ആദ്യമായിട്ട് അവതരിപ്പിച്ച ബില്ലല്ലേ? ഞങ്ങളുടെ സഹപ്രവർത്തകൻ അവതരിപ്പിച്ച ബില്ലിനകത്തു നിന്നുകൊണ്ട് ചർച്ച ചെയ്യുകയാണ്. രാഷ്ട്രീയ പ്രശ്നം ഒന്നുമില്ലാതെ ചെയ്യുന്നതുകൊണ്ടാണ് കമ്മിറ്റിയുടെ അധികാരങ്ങൾ അപകടകരമായി കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ മനസ്സിലാക്കേണ്ടത്, 6(2) പ്രത്യേക വിനോദ സഞ്ചാര മേഖലയിലെ പദ്ധതികൾക്കോ മറ്റോ നൽകാനുള്ള അധികാരം ഇവർക്കാണ്. ബാക്കിയെല്ലാം ശ്രീ. വി. ഡി. സതീശൻ പ്രസിഡന്റായിരിക്കുന്ന കോർപ്പറേഷൻ മേഖലയിൽ, പ്രത്യേകിച്ച് അവിടെ വന്ന് എന്തും നടത്തുന്നത് ശ്രീ. സതീശൻ അറിയേണ്ട. അവർ നടത്തിക്കോളും. 'ലഡുവിന്റെ പുറത്ത് മുന്തിരിങ്ങ ഇരിക്കുന്നതുപോലെ' മേയർ അവിടെ ഇരുന്നുകൊള്ളും. പ്രത്യേക സഞ്ചാര മേഖലയിലെ പദ്ധതികൾക്കോ വികസന പ്രവർത്തനങ്ങൾക്കോ അനുവാദം നൽകുക. അല്ലെങ്കിൽ വെട്ടി മാറ്റുക. അവർക്കാണ് അധികാരം. ലഡുവിന്റെ പുറത്ത് മുന്തിരിങ്ങ ഇരിക്കുന്നതുകൊണ്ട് ലഡുവിന് ഗുണമൊന്നുമില്ല എന്നു പറഞ്ഞതുപോലെ പഞ്ചായത്ത് പ്രസിഡന്റും കോർപ്പറേഷൻ മേയറുമൊക്കെ അവിടെ ഇരുന്നുകൊള്ളും. അതുപോലെ തന്നെ ഇതിനകത്ത് പറഞ്ഞിരിക്കുന്ന 4(5). ശ്രീ വി. ഡി. സതീശൻ വായിച്ചുനോക്കണം സർക്കാർ വകുപ്പിൽനിന്നോ തദ്ദേശാധികാര സ്ഥാപനങ്ങളിൽനിന്നോ മറ്റ് അധികാര സ്ഥാനങ്ങളിൽനിന്നോ പദ്ധതികൾക്ക് മുൻഗണന സംബന്ധിച്ച് വിവരം ആവശ്യപ്പെടുക എന്നുപറഞ്ഞാൽ ഞാൻ പ്രസിഡന്റായിരുന്ന ഒരു പഞ്ചായത്തിൽ ടൂറിസം മേഖലയിൽ പ്രത്യേകിച്ച് ഈ പദ്ധതിയുംകൊണ്ട് കമ്മിറ്റി രൂപീകരിച്ചു പോകണം. അധികാരം ജനങ്ങളിലേയ്ക്ക് എത്തിക്കുന്ന സംവിധാനത്തിന്റെ കരചരണങ്ങൾ ഛേദിക്കുക എന്ന സാമ്രാജ്യത്വത്തിന്റെ ഏജന്റൻമാർക്ക് വിടുവേല ചെയ്യുന്നതാണ് ഈ പദ്ധതിയെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. പദ്ധതിയുടെ സ്ഥിതി എന്താണ്? അടുത്ത കൊല്ലം ഞങ്ങൾ ഇങ്ങോട്ടു വരും, മറ്റൊരു അപകടകരമായ കാര്യംകൂടി പറയാം. പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിന് ആവശ്യമായ ജോലികളോ പ്രവർത്തനങ്ങളോ നിയമാനുസൃതമായി നടത്തുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ ഈ കമ്മിറ്റിക്ക് അധികാരപ്പെടുത്താം. എന്നാൽ അതിന്റെ കൈവശക്കാരൻ അപ്രകാരം ചെയ്യുന്നതിനുള്ള അയാളുടെ ഉദ്ദേശ്യം സംബന്ധിച്ച് കുറഞ്ഞത് 3 ദിവസത്തെ നോട്ടീസ് നൽകിയാൽ യാതൊരു വിധത്തിലും ആ ഭൂമിയിൽ പ്രവേശിക്കാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അർത്ഥം എന്താണ്? നിങ്ങൾ ഇത് പ്രഖ്യാപിച്ചുകഴിഞ്ഞാൽ ശ്രീ. ടി. കെ. ദേവകുമാർ താമസിക്കുന്ന സ്ഥലം ഈ ഉദ്യോഗസ്ഥർ ഒഴിപ്പിച്ചെടുക്കണമെന്ന് തീരുമാനിച്ച് എനിക്ക് നോട്ടീസ് തന്നാൽ മതി. അപ്പീലിനെക്കുറിച്ച് ഇതിനകത്ത് ഒരു വകുപ്പ് പറഞ്ഞിട്ടുണ്ട്. അത് ഞാൻ ഇപ്പോൾ പറയുന്നില്ല. അത് ഭരണഘടനാവിരുദ്ധമാണ്. ബഹുമാനപ്പെട്ട മന്ത്രി അത് മാത്രം പരിശോധിക്കണം. ക്ലോസ് ബൈ ക്ലോസ് ഡിസ്ക്കഷനിൽ അതിനെക്കുറിച്ച് പറയാം. ബഹുമാനപ്പെട്ട ചെയർ ഒരു കാര്യം ശ്രദ്ധിക്കണം. ക്ലോസ് 10 (ബി) ഈ ആക്ട് പ്രകാരം ചുമത്താവുന്ന ഫീസിനെപ്പറ്റിയാണ് പറയുന്നത്. എത് ഫീസ്. എന്തിന്റെ ഫീസ്? പല സ്ഥലത്തും പല തരത്തിലുള്ള ഫീസ് ഈടാക്കുന്നുണ്ട്. അത് എങ്ങനെ അറിയാം. ഇന്നത്തെ പ്രകൃതിയുടെ രമണീയത അനധികൃത സ്വകാര്യ മുതൽ മുടക്കുകാർ കയ്യേറ്റം ചെയ്ത് അവന്റെ സ്വകാര്യ സ്വത്താക്കാൻവേണ്ടി ഈ ഫീസിനെ വർവിനിയോഗിക്കും എന്ന കാര്യത്തിൽ തർക്കമുണ്ടോ? നിങ്ങൾ എല്ലാ കാര്യവുംപറഞ്ഞു. ചുമട്ടുതൊഴിലാളി നിയമം കൊണ്ടു വന്നു. നിങ്ങൾ കൊണ്ടുവരുന്നതെല്ലാം സംരക്ഷിക്കാനാണ് ശ്രീ. കെ. എം. മാണി ഒരു നിയമം കൊണ്ടുവന്നത്. മുഴുവൻ കയ്യേറ്റക്കാർക്കും കയ്യേറിയവർക്കുതന്നെ ഭൂമി കൊടുക്കുന്നു. കഴിഞ്ഞ ദിവസം വേറെ ഒരു ബില്ല് കൊണ്ടുവന്നു. ഗവർണ്ണർ ഒപ്പിടുന്നതുവരെ ഉള്ളതെല്ലാം അവരുടേതാകും. അപ്പോൾ കേരളത്തിൽ മിച്ചഭൂമി ഇല്ലാതാകും. നിങ്ങൾ ഇപ്പോൾ വേറെ ഒന്ന് കൊണ്ടുവന്നിരിക്കുന്നു. ആമുഖ പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ പ്രകൃതി രമണീയതയും സംസ്കാരവും ഒരു പിടി ആളുകളുടെ കൈകളിൽ ഏൽപിച്ചുകൊടുക്കുന്നു. ജനാധിപത്യ സ്ഥാപനങ്ങളുടെ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടി ഇത് കൈകാര്യം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല. ജനാധിപത്യസ്ഥാപനങ്ങളുടെ മുകളിൽ ബ്യൂറോക്രസിയെ പ്രതിഷ്ഠിച്ചുകൊണ്ട് വളരെ സാദ്ധ്യതയുള്ള ഒട്ടേറെ അനാശാസ്യ നടപടികൾ, സംസ്കാരത്തിന് യോജിക്കാത്ത അപകടങ്ങൾ കടന്നുവരാനിടയാകുന്നു. ഈ മേഖലകളിലെ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മന്ത്രി ചെയർമാനായി, വിവിധ മേഖലകളിൽ പഞ്ചായത്ത് പ്രതിനിധികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഒരു നിരീക്ഷണ കമ്മിറ്റി ഉണ്ടാക്കുന്നതിനുപകരം ഈ ബില്ല് അടിയന്തിരമായി കൊണ്ടുവന്നിരിക്കുന്നത് ദുഷ്ടലാക്കോടുകൂടിയാണ്. അതു കൊണ്ട് ഈ ബില്ല് നിങ്ങൾ പിൻവലിക്കണം. കേരളത്തിലെ നാളത്തെ തലമുറയെ ഓർത്ത് ഇത്തരം സാദ്ധ്യതകൾ പരിഗണിച്ചുകൊണ്ട് കുറേ ആളുകൾക്ക് കൈകാര്യം ചെയ്യാൻ, ഉദ്യോഗസ്ഥ പ്രമാണിമാരുടെ കൈകളിലേയ്ക്ക് എറിഞ്ഞുകൊടുക്കാതിരിക്കാൻ ഈ ബില്ല് പിൻവലിക്കണം. ശ്രീ. എം. വി. ജയരാജൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഭരണപക്ഷ-പ്രതിപക്ഷ നേതാക്കൾ സമഗ്രമായി ചർച്ച ചെയ്ത് ടൂറിസം സാദ്ധ്യതകളെ ഉപയോഗിക്കാൻ, അനധികൃത കയ്യേറ്റക്കാരുടെ കൈകളിലേയ്ക്ക് ഇത് വരാതിരിക്കാൻ ഈ ബിൽ നിരാകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ശ്രീ. ടി. കെ. ദേവകുമാർ ഈ ബില്ലിനെ നിരാകരിക്കുന്നതിന് പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നത് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ടൂറിസം വികസനത്തിന്റെ പ്രത്യേക മേഖലകൾ വികസിപ്പിക്കാനും വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നു എന്നാണ്. ഈ ബില്ലിന്റെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

കുറവ് രൂപീകരിക്കുന്ന കമ്മിറ്റിക്ക് ജനാധിപത്യ സ്വഭാവം ഇല്ലാത്തതാണ്. ഇടയ്ക്കൊരു വിശദീകരണത്തിന്റെ ഭാഗമായി ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്, നിലവിലുള്ള ഉദ്യോഗസ്ഥൻമാരൊക്കെത്തന്നെയാണ് ഓരോ ടൂറിസം പദ്ധതിക്കും അംഗീകാരം നൽകുന്നതെന്നാണ്. അങ്ങനെയാണെങ്കിൽ നിലവിലുള്ള സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി എങ്ങനെയാണ് ഈ പദ്ധതി, ടൂറിസത്തിന്റെ വികാസം പരമാവധി നന്നായി നടത്തുന്നത് എന്നാണ് ആലോചിക്കേണ്ടത്. ഈ ബില്ല് പാസ്സാകുന്നതോടുകൂടി പ്രത്യേകിച്ച് കേരളത്തിന്റെ പ്രകൃതി രമണീയമായ ഭാഗങ്ങൾ, കുമരകം, കോവളം, മൂന്നാർ പോലുള്ള പ്രധാനപ്പെട്ട പ്രദേശങ്ങളെല്ലാം ഈ കമ്മിറ്റിയുടെ സഹായത്തോടുകൂടി കേരളത്തിനകത്തും പുറത്തുമുള്ള നിക്ഷിപ്ത താൽപ്പര്യക്കാരുടെയും മുതലാളിമാരുടെയും കൈകളിലേയ്ക്കാണ് പോകുന്നത്. ഗൾഫാറിന്റെ കാര്യം പറയേണ്ട കാര്യമില്ല. മൂന്നാറിലെ ടാറ്റായ്ക്ക് അവരുടെ ഭൂമി മുഴുവനും പാട്ടത്തിനാണ് കേരളാ ഗവണ്മെന്റ് കൊടുത്തിരിക്കുന്നത്. പാട്ടത്തിന് കൊടുത്ത ഭൂമിയിൽ ഉദ്യോഗസ്ഥരുടേയും തൊഴിലാളികളുടേയും പേരിൽ പുതിയ കമ്പനികൾ ഉണ്ടാക്കാൻ തുടങ്ങുന്നത് കേരള ഹൈക്കോടതി ഇടപെട്ട് ഇപ്പോൾ തടഞ്ഞിരിക്കുകയാണ്. അത്തരക്കാർക്ക് ഭൂമി കയ്യടക്കാനും അവിടെ മറ്റുള്ളവർക്ക് പ്രവേശിക്കാൻ അവകാശം നിഷേധിക്കാനും കഴിയുന്നതാണ് ഈ ബില്ലിലെ വ്യവസ്ഥകളെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ കാണാൻ കഴിയും. അതാണ് ഇതിനകത്ത് പതിയിരിക്കുന്ന ഏറ്റവും വലിയ അപകടം. അതിന്റെ പിന്നിലുള്ള തൽപ്പര ശക്തികൾ മറ്റുള്ളവരാണ്. അതുകൊണ്ടാണ് എ.ഡി.ബി. പോലെയുള്ളവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയേ ഈ ബില്ല് ഉതകുകയുള്ളൂ എന്ന് പറയുന്നത്. കേരളത്തിന്റെ ടൂറിസം വികസനത്തിൽ ഞങ്ങൾക്ക് എല്ലാപേർക്കും താൽപര്യമുണ്ട്. ഞങ്ങളും ഈ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഞങ്ങൾ ഉന്നയിക്കപ്പെട്ടിരുന്ന ഈ ആവശ്യം ഈ രൂപത്തിൽ പ്രൈവറ്റ് വ്യക്തികൾക്കാകെ മുതലെടുക്കാൻ പറ്റുന്ന രൂപത്തിലാകരുതെന്ന് ആഗ്രഹമുണ്ട്. വാഗമൺ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. കേരള ഗവണ്മെന്റിന്റെ ഒത്താശയോടുകൂടി ആ പ്രദേശം മുഴുവനും സ്വകാര്യ വ്യക്തികളുടെ കൈവശം ഇരിക്കുകയാണ്. അവിടെയെല്ലാം അനധികൃത നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള വ്യക്തികളുടെ കൈകളിലേയ്ക്ക് ഈ പ്രദേശങ്ങൾ എത്തിക്കാൻ മാത്രമേ സഹായകമാകൂ. ഇതിനെ ചോദ്യം ചെയ്യാൻ ആർക്കാണ് കഴിയുക? ഈ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെങ്കിൽ ഒരു പ്രത്യേക സോണിൽപ്പെടുന്ന പ്രദേശത്ത് പദ്ധതികൾ ആവിഷ്കരിക്കാനും കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുമുള്ള അവകാശം ഗ്രാമപഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ ഇവയ്ക്കൊന്നുമില്ല. അത് എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കുന്നത് ഉദ്യോഗസ്ഥരും സ്വകാര്യ വ്യക്തികളും ഇതിൽ പങ്കാളികളായി വരുന്നവരും കൂടിയാണ്. ഇത്രയും വലിയ പ്രരാണിമാർ വരുന്നതിനെത്തുടർന്ന് ഏതെങ്കിലും കൊള്ളാവുന്ന ഉദ്യോഗസ്ഥർ ആഗ്രഹിക്കുന്ന രൂപത്തിൽ കാര്യങ്ങൾ നടക്കാൻ പോകുന്നില്ല. അതിന്റെയെല്ലാം പൂർണ്ണമായ നിയന്ത്രണം ഗൾഫാർ, ടാറ്റാ ഗ്രൂപ്പ് പോലുള്ള വൻകിടക്കാർക്ക് മാത്രമായിരിക്കും. അതുകൊണ്ട് ആ നിലയിലുള്ള വ്യവസ്ഥകൾ അംഗീകരിക്കാൻ കഴിയില്ല എന്നുള്ളതാണ്. ഇതിന്റെ അധികാരങ്ങളെ സംബന്ധിച്ചു പറയുന്ന ഭാഗം 6 (8) ഈ ഉദ്യോഗസ്ഥൻമാർ ചേർന്നെടുക്കുന്ന ഏത്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനത്തെയും കോടതിയിലോ വ്യവഹാരംമൂലമോ ചോദ്യം ചെയ്യാനുള്ള അവകാശം നിലനിൽക്കുന്നില്ല എന്ന് തീർത്ത് പറഞ്ഞിരിക്കുകയാണ്. അപ്പീൽ കൊടുക്കാനുള്ള അവകാശത്തെക്കുറിച്ചും പറയുന്നുണ്ട്. അത് മാത്രമല്ല ഒരു വ്യക്തിയുടെ സ്ഥലത്ത് പ്രവേശിക്കാൻ 3 ദിവസം മതി. 3 ദിവസത്തെ നോട്ടീസ് കൊടുത്ത് മറ്റുള്ളവരുടെ സ്ഥലത്ത് പ്രവേശിക്കാനുള്ള അവകാശം സംബന്ധിച്ച് നാല് മാസത്തിനകമോ ഒരു മാസത്തിനകമോ അപ്പീൽ കൊടുക്കാമെന്നാണ് പറയുന്നത്. സാധാരണ ഗതിയിൽ ഒരു രൂപത്തിലും അംഗീകരിക്കാൻ കഴിയാത്ത വ്യവസ്ഥകളാണ് ഈ ബില്ലിലൂടെ വന്നു ചേരാൻ പോകുന്നത്. ഇത് കേരളത്തിന് ഒരു നിലയിലും പ്രയോജനം ചെയ്യുന്നതല്ല. അതിന് ജനാധിപത്യ സ്വഭാവം വരണം എന്ന് പറഞ്ഞാൽ ഈ അവകാശങ്ങൾ അപ്പടി എൽപ്പിക്കുന്നതിനുപകരം ഇതിൽ മന്ത്രിക്കും ജില്ലാ പഞ്ചായത്തിനും ഗ്രാമപഞ്ചായത്തിനുമെല്ലാം കാര്യമായ നിയന്ത്രണം ഉണ്ടാകണം. അനധികൃതമായ നിയന്ത്രണം എന്നല്ല ഉദ്ദേശിക്കുന്നത്. അങ്ങനെ കാര്യമായ നിയന്ത്രണം ഉണ്ടെങ്കിൽ മാത്രമേ ഈ ഭൂപ്രദേശങ്ങൾ നമുക്ക് നഷ്ടപ്പെടാതിരിക്കുകയുള്ളൂ. ഇപ്പോൾ ഒരു ഭാഗത്ത് കായൽ കയ്യേറിക്കൊണ്ടിരിക്കുന്നു. അവരെ ചോദ്യം ചെയ്യാൻ ആർക്കും കഴിയില്ലല്ലോ? അങ്ങനെ സംരക്ഷണം കൊടുക്കാനും നിക്ഷിപ്ത താൽപര്യക്കാരെ സഹായിക്കാനും മാത്രമേ ഇത് സഹായിക്കൂ. ശ്രീ. ടി. കെ. ദേവകുമാർ ചൂണ്ടിക്കാണിച്ച മറ്റ് കുഴപ്പങ്ങൾ കടന്നുവരാതിരിക്കാനും നിയന്ത്രണം മാത്രമേ സഹായിക്കൂ. അതുകൊണ്ട് ഈ ബില്ല് പിൻവലിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബില്ല് ഒരു രൂപത്തിലും അവതരിപ്പിച്ചുകൂടാ എന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: 2005-ലെ കേരള വിമാനാദസങ്കോചം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അതരിപ്പിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാടെന്ന് കേരളത്തെ ലോകം മുഴുവനും അറിയിക്കാൻ ഇടയായത് പ്രകൃതിഭംഗിയും പാരിസ്ഥിതികമായ സാഹചര്യവുമാണ്. ലോകത്തെ ഏത് രാജ്യത്ത് പോയാലും, അല്ലെങ്കിൽ ഏത് രാജ്യത്തെ ടൂറിസ്റ്റുകൾ കേരളത്തിൽ വന്നാലും അവർ എഴുതിവയ്ക്കുന്നത് ലോകത്ത് കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും പ്രകൃതി രമണീയവും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതുമായ കേന്ദ്രം കേരളമാണെന്നാണ്. അതിന് പ്രധാന കാരണം പുഴയും, കായലും, വനപ്രദേശവും തീരപ്രദേശവും ഉൾപ്പെട്ട പ്രകൃതിരമണീയമായ സ്ഥലമാണ്. ഇന്ന് ദൈവത്തിന്റെ സ്വന്തം നാട്ടിൽ വളരെയെറെ പ്രതീക്ഷയുള്ള ടൂറിസം വികസനത്തിൽ അത്ഭുതകരമായ വളർച്ച ഉണ്ടായിരിക്കുകയാണ്. അടുത്ത് 5 ദേശീയ അവാർഡുകൾ കേരളത്തിന് ലഭിച്ചു. ഇൻഡ്യ പങ്കെടുക്കുന്ന ലോക ടൂറിസം മേളകളിൽ കേരളമാണ് ഏറ്റവും ശ്രദ്ധേയമായ സ്ഥലം. ലോകത്തെ ടൂറിസം മേളകളിൽ പ്രധാനപ്പെട്ട ഇൻഡ്യയുടെ എല്ലാ ആതിഥേയ സ്റ്റാളുകളും കേരളത്തിന്റെ സ്റ്റാളുകളായി മാറുകയാണ്. അത്രമാത്രം പ്രാധാന്യം ദേശീയ ടൂറിസത്തിൽ കേരളത്തിന് ലഭിച്ചു. അതിനപ്പുറത്ത് ലോകത്തെ ടൂറിസം വിപണിയിൽ കേരളത്തിന് വളരെയേറെ പ്രാധാന്യം ലഭിച്ചു. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും ഒരോ വർഷം കഴിയുന്തോറും പുറകോട്ട് പോകുന്ന സാഹചര്യത്തിൽ പുതിയ ലോകക്രമത്തിൽ നമുക്ക് വളരെയേറെ പ്രതീക്ഷകൾ ഉള്ളത് ടൂറിസം സെക്ടറിലാണ്. തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന കേരളത്തിൽ തദ്ദേശീയമായ

LIBRARY ARCHIVES Kerala Legislative Assembly

വിഭവം സമൃപിച്ചുകൊണ്ട് പുതിയ തലമുറയ്ക്ക് തൊഴിലവസരം സൃഷ്ടിക്കാൻ കഴിയുന്ന ഒരു വലിയ മേഖല കൂടിയാണ് ടൂറിസം. അനന്തമായ വികസന സാദ്ധ്യതകളുള്ള ഈ മേഖലയിൽ ഇന്നുണ്ടായിരിക്കുന്ന അനഭിലഷണീയങ്ങളായ ചില കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ സംരക്ഷണവും പരിപാലനവും ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ ഈ ബില്ലിന്റെ മുഖവുരയിലും ആകെത്തുകയിലും പ്രത്യേകമായും ഉദ്ദേശകാരണങ്ങളുടെ വിവരണത്തിലും പറയുന്നുണ്ട്. കോവളം, കുമരകം, ഫോർട്ട് കൊച്ചി, മൂന്നാർ ഉൾപ്പെടെ ഏറ്റവും പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ വികസിച്ചുവന്ന ടൂറിസത്തിന്റെ ദൃഷ്യവശങ്ങൾ ദൈവത്തിന്റെ സ്വന്തം നാട്ടിലെ പ്രകൃതി ഭംഗിയും പ്രകൃതി സംരക്ഷണവും പൂർണ്ണമായും തകർക്കുന്ന രീതിയിലുള്ളതാണ്. ഇവിടെ മാറിമാറി വന്നിട്ടുള്ള ഗവണ്മെന്റുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഒരു പരിധിവരെ അതിൽ പങ്കുണ്ട്. നമുക്ക് ഇതിൽ നിയന്ത്രണം ഉണ്ടായിരുന്നില്ല. ആർക്കുവേണമെങ്കിലും സ്വകാര്യ സ്ഥലമുണ്ടെങ്കിൽ ഏത് രീതിയിലുള്ള കോൺക്രീറ്റ് കെട്ടിടങ്ങളും, പ്രകൃതിക്ക് യോജിക്കാത്ത എന്തും ഉണ്ടാക്കാൻ കഴിയും. കോവളം ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്. ഇത്രയും മനോഹരമായ ഒരു തീരം അപൂർവ്വമാണെന്ന് തീരങ്ങളിൽ പോയിട്ടുള്ള എല്ലാപേർക്കും അറിയാവുന്നതാണ്. ഈ മനോഹര തീരത്ത് തമുമോ ഇനിയൊരു ജന്മംകൂടിഎന്ന് ഇനിയാരും കോവളത്തു പോയിരുന്ന് പാടുമെന്ന് തോന്നുന്നില്ല. അത്രത്തോളം വികൃതമായിരിക്കുകയാണ് കോവളം. കുമരകത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു. അത്രത്തോളം സാദ്ധ്യതയുള്ള സ്ഥലമാണ് കുമരകം. ചുരുങ്ങിയ കാലംകൊണ്ട് അവിടത്തെ പ്രകൃതിയെ പൂർണ്ണമായും തകർത്തിരിക്കുകയാണ്. ഇതു തന്നെയാണ് മറ്റ് കായലോരങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. അത് പരിഹരിക്കാതെ ഏത് പുതിയ പേരുകളിൽ വന്നാലും അതൊക്കെ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്ന, നമ്മുടെ പ്രകൃതിഭംഗിയെ തകർക്കുന്ന പാരിസ്ഥിതികമായ മുഴുവൻ സാഹചര്യങ്ങളെയും തകർക്കുന്നതായിരിക്കും. ഇതേ രീതിയിൽ പോയാൽ പത്ത് വർഷത്തിനുള്ളിൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയുന്ന കേരളത്തെ ദൈവത്തിന്റെ വികൃതിയുടെ നാടെന്നാക്കി മാറ്റത്തക്കവിധത്തിലാകും അതുകൊണ്ടാണ് ഇങ്ങനെ പരിസ്ഥിതിയെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ഈ മേഖലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ബില്ല് അവതരിപ്പിച്ചിട്ടുള്ളത്. ഇത് കേരളത്തിന്റെ പ്രകൃതിഭംഗിയെ സംരക്ഷിക്കുന്ന നാചുറൽ ടൂറിസത്തിനെ നിലനിർത്തുന്ന അതീവ ഭാഗ്യമുള്ള ബില്ലാണ്. ബഹുമാനപ്പെട്ട എം. വി. ജയരാജൻ ആദ്യം തടസവാദങ്ങൾ ഉന്നയിച്ച് പറഞ്ഞു, ഈ ബില്ലിന്റെ ഉദ്ദേശകാര്യങ്ങൾ ശരിയാണ്, കൂടുതൽ പഠിച്ച് പറയണം. ഇതൊക്കെ ഗൗരവമായി പറയേണ്ടതാണ്. അങ്ങനെയെങ്കിലും തുടക്കത്തിൽ സമ്മതിച്ചത് നന്നായി. പിന്നീട് സംസാരിച്ച ശ്രീ. ടി. കെ. ദേവകുമാർ ഉൾപ്പെടെയുള്ള ആളുകൾ ഇതിനെ പാടേ നിരാകരിക്കുകയായിരുന്നു. എ.ഡി.ബി.-യുടെ സൃഷ്ടിയാണെന്നൊക്കെ പറഞ്ഞു. ബഹുമാനപ്പെട്ട സതീശൻ പുണ്ടിക്കാണിച്ചതുപോലെ നിലവിൽ കേരളത്തിൽ ടൂറിസം പ്രോജക്ടുകൾ നൽകുന്നതിന് ഒരു വർക്കിംഗ് ഗ്രൂപ്പുണ്ട്. ആ വർക്കിംഗ് ഗ്രൂപ്പിൽത്തന്നെ ഉൾപ്പെട്ടതാണ് ഇതിനുള്ള കമ്മിറ്റി. വകുപ്പു സെക്രട്ടറി ആയാലും

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സെക്രട്ടറി ആയാലും ടൂറിസം ഡയറക്ടറായാലും പുരാവസ്തു ഡയറക്ടറായാലും ടൗൺ പ്ലാനറായാലും ഇതെല്ലാം നിലവിലുള്ളതാണ്. പഞ്ചായത്തിന്റെ ചെയർപേഴ്സണോ പ്രസിഡന്റിനോ ഇതിൽ സ്ഥാനം ലഭിക്കുകയാണ്. ഇത് ജനാധിപത്യവൽക്കരിക്കുകയാണ്. ഇപ്പോഴുള്ള വർക്കിംഗ് ഗ്രൂപ്പിനെ ജനാധിപത്യവൽക്കരിക്കുന്നതിനുള്ള ജനാധിപത്യ ബില്ലാണിതെന്നുള്ളകാര്യം ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ വിട്ടുപോയത് വളരെ സങ്കടകരമായിപോയി. ഇതിൽ അഞ്ചാമത്തെ ക്ലാസിൽ പ്രത്യേകം പറയുന്നുണ്ട്, അനധികൃത നിർമ്മാണമോ ഭൂവികസനമോ ഭൂമി കയ്യേറ്റമോ അപ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾക്കോ എതിരായി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണാധികാരികൾക്ക് അധികാരം നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇങ്ങനെയൊരു ബില്ലുണ്ടായിരുന്നു എങ്കിൽ കോവളത്തെ ഇപ്പോഴത്തെ അനധികൃത കൈയ്യേറ്റം അല്ലെങ്കിൽ തീരത്തെ നശിപ്പിച്ചു കൊണ്ടിരിക്കുന്ന കോൺക്രീറ്റ് സൗധങ്ങൾ, അനഭിലഷണീയമായ പ്രവണതകൾ ഒന്നും ഉണ്ടാകുമായിരുന്നില്ല. കുമരകത്തെ ഇപ്പോഴത്തെ സ്ഥിതിയും ഉണ്ടാകുമായിരുന്നില്ല. അതെല്ലാം നിയന്ത്രിക്കാൻ ഒരു നാടിനെ സ്നേഹിക്കുന്ന മുഴുവൻ ആളുകളും സഹകരിക്കുന്ന ഒന്നാണിത്. ഇതിന്റെ ഏത് ക്ലോസ് പരിഗണിച്ചാലും നമുക്ക് ദുർവ്യാഖ്യാനം ചെയ്യാൻ ഒരക്ഷരം മതി. ആ അക്ഷരം ഉപയോഗിച്ചുകൊണ്ട് ഏതിനേയും നമുക്ക് ദുർവ്യാഖ്യാനം ചെയ്യാം. ക്ലോസ് 4 (3)-ൽ പ്രത്യേകം പറയുന്നുണ്ട്, ഈ സ്ഥലത്ത് പ്രകൃതിദത്തമായി നിലവിലുള്ള സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും ഫലവത്താക്കുന്നതിനും ദൃശ്യപരമായ നിലവാരം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള നിയന്ത്രണങ്ങൾ വേണ്ടേ? പ്രകൃതി സംരക്ഷണം ഉറപ്പാക്കുകയും, ദൃശ്യപരമായ നിലവാരം വർദ്ധിപ്പിക്കുകയും വേണം. അതാണ് കുമരകത്തെ കാര്യം പറഞ്ഞത്. എത്രയോ സബ്ജക്ട് കമ്മിറ്റികളിൽ ബേക്കലിന്റെ കാര്യം പറയുന്നുണ്ട്. ബേക്കൽ അതതരീതിയിൽ, അതിന്റെ പ്രകൃതിരമണീയതയോടുകൂടി നിലനിൽക്കണമെന്നുതന്നെയാണ് പൂർണ്ണമായും ശ്രീ. കുഞ്ഞിരാമൻ പറയാറുള്ളത്. അത് വേണ്ടേ? അതില്ലാതെ വന്നാൽ അവിടെ ആർക്കും എന്തും ആയിക്കൂടേ? അതാകാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഇത്രയും ഗൗരവപൂർവ്വമായ രീതിയിൽ ബില്ല് ഇവിടെ കൊണ്ടുവന്നത്. ബില്ലിൽ അപ്പീലിനെപ്പറ്റി പറയുന്നുണ്ട്. ഈ ബില്ലിൽ വളരെ വ്യക്തമായി ഏതെങ്കിലും രീതിയിലുള്ള അനധികൃത നിർമ്മാണമെന്തെങ്കിലും നടന്നാൽ 30 ദിവസത്തിനുള്ളിൽ അപ്പീൽ കൊടുക്കാൻ പ്രൊവിഷനുണ്ട്. ആ അപ്പീൽ ഗൗരവപൂർവ്വമായി എടുക്കുന്നതിന് സർക്കാരിന്. അവസരം ഉണ്ട്. ഗവണ്മെന്റിന്റെ നിർദ്ദേശങ്ങൾ എവിടെയെങ്കിലും ലംഘിക്കപ്പെട്ടാൽ അത് നടപ്പിലാക്കാനുള്ള അധികാരം ഗവണ്മെന്റിനുണ്ട്. എൽ.ഡി.എഫ്. ഭരണകാലത്ത് ജി. ഒ. 332/2000 പ്രകാരം പാതിരാമണൽ പാട്ടത്തിന് കൊടുക്കാനിറക്കിയ ഉത്തരവിനെപ്പറ്റി ബഹുമാനപ്പെട്ട ശ്രീ. പി. ടി. തോമസ് പറഞ്ഞു. ഇത് ഏതെങ്കിലും ഒരു ഗവണ്മെന്റിന്റെ മാത്രം കുറ്റമല്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പൂർണ്ണമായ അധികാരം ഉപയോഗിച്ചുകൊണ്ട് പലപ്പോഴും അനധികൃതമായ നിർമ്മാണം നടത്തുകയാണ്. ഇതിന് നിയന്ത്രണം ഉണ്ടായേ പറ്റൂ. പ്രത്യേകിച്ച് കായലോര കടലോര ടൂറിസത്തിനും വനവുമായി ബന്ധപ്പെട്ട ടൂറിസത്തിനും നിയന്ത്രണമുണ്ടാകണം. ടൂറിസത്തിന്റെ പേരിൽ കോൺക്രീറ്റ് സൗധങ്ങൾ പല സ്ഥലവും നിറഞ്ഞുകവിയുകയാണ്. അതിനാവശ്യമായ നിയന്ത്രണം കൊണ്ടുവരുന്നതിനുവേണ്ടിയുള്ളതാണ് ഈ ബില്ല്. ഈ ബില്ല് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കാൻ ഭാഗ്യം കിട്ടിയ ശ്രീ. കെ.സി. വേണുഗോപാൽ തീർച്ചയായും ദൈവത്തിന്റെ സ്വന്തം നാടിനെ സ്നേഹിക്കുന്ന മുഴുവൻ ആളുകളുടേയും അംഗീകാരം പിടിച്ചുപറ്റുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ദേഭഗതി അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. പി. രാജേന്ദ്രൻ: 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ദേഭഗതി അവതരിപ്പിക്കുന്നു. ഇപ്പോൾ സമയം രാത്രി 9 മണിയായി. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. കെ. സി. വേണുഗോപാലിന്റെ കന്നി ബില്ലാണ് ഇത്. കൂടുതലധികം മെമ്പർമാർക്ക് സംസാരിക്കണം. ടൂറിസം ആകുമ്പോൾ എല്ലാവർക്കും താൽപര്യമുള്ള വിഷയമാണ്. കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ്. ഒരുപാട് നിർദ്ദേശങ്ങൾ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഇതിനെ സമ്പുഷ്ടമാക്കുന്ന വിധത്തിൽ അതിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പറയാൻ പറ്റുന്ന അവസരമൊക്കെ നമുക്ക് നഷ്ടപ്പെട്ടു. കാരണം പൊതുജനാഭിപ്രായം കഴിഞ്ഞ് ഇവിടെ പറയുന്ന നിർദ്ദേശങ്ങളൊക്കെ കേൾക്കണം. ഇതിലെ പോരായ്മകൾ മനസ്സിലാക്കി സമഗ്രമായ നിയമമാക്കികൊണ്ടുവരാൻ കഴിയണമെന്ന ഉദ്ദേശത്തിൽ ഞാൻ ചില നിർദ്ദേശങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം കേരളത്തിലെ ടൂറിസത്തിന്റെ കുറച്ച് വർഷങ്ങളായിട്ടുള്ള വളർച്ചയാണ്. അത് നമ്മൾ എല്ലാവരും വളരെ നന്ദിപൂർവ്വം ഓർക്കേണ്ടതാണ്. ശ്രീ. പി.എസ്. ശ്രീനിവാസൻ ടൂറിസം വകുപ്പു മന്ത്രിയായിരുന്ന കാലത്തായിരുന്നു ഇതിന്റെ തുടക്കം. അതിനുശേഷം ശ്രീ. പന്ന്യൻരവീന്ദ്രൻനായർ മിനിസ്റ്ററായിരുന്ന കാലത്താണ് നമ്മുടെ സ്റ്റേറ്റിന് ധാരാളം അന്താരാഷ്ട്ര അവാർഡുകൾ തേടി വന്നത്. ആ പദ്ധതികൾക്ക് പുതിയ ഒരു അടിസ്ഥാനം ഇവിടെ നിലനിൽക്കുന്നു. ബഹുമാനപ്പെട്ട കെ. വി. തോമസ് മന്ത്രിയായിരുന്ന സന്ദർഭത്തിൽ പല നിയോജകമണ്ഡലങ്ങളിലും സ്റ്റേറ്റിന്റെ പല ഭാഗത്തും ധാരാളം പദ്ധതികൾ കണ്ടെത്താനും ആവിഷ്കരിക്കാനും കഴിഞ്ഞിട്ടുണ്ട്. അതുവച്ചുകൊണ്ട് ഇത് ഒരു തർക്ക വിഷയമാക്കാതെ കേരളത്തിന്റെ വികസന മേഖലയിൽ ഗവൺമെന്റ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. അത്തരം കാര്യങ്ങളിൽ ചില അഭിപ്രായങ്ങൾ, അത് ഞാൻ ഓരോന്നായി സൂചിപ്പിക്കുകയാണ്. തീർച്ചയായിട്ടും ഇത് ഗൗരവത്തോടുകൂടി കാണണം. വിനോദസഞ്ചാര മേഖലയിലെ പഠനം എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്? എല്ലാ സ്ഥലങ്ങളും ടൂറിസത്തിന് പ്രാധാന്യമുള്ളവയാണ്. എവിടേയും ടൂറിസത്തിന് സാദ്ധ്യതയുണ്ട്. ഇതിൽനിന്ന് പ്രത്യേക വിനോദസഞ്ചാര മേഖല ഏതാണ് ആ മേഖല കണ്ടെത്തിയിട്ട് വേണം അതിന്റെ സൂക്ഷ്മമായ തുടക്കം കുറിക്കാൻ. അതിന് തെരഞ്ഞെടുക്കുന്ന കമ്മിറ്റിയുടെ അധികാരങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. ഞാൻ വായിച്ചു നോക്കിയപ്പോൾ അത് ശ്രീ. ടി. കെ. ദേവകുമാറും അതുപോലെ ശ്രീ. കെ. കെ. ജയചന്ദ്രനുമൊക്കെ പറഞ്ഞതാണ് ഇത് മൊത്തം നോക്കിയാൽ ഉദ്യോഗസ്ഥരുടെ മേധാവിത്വമുള്ള കമ്മിറ്റിയാണ്. നിയമസഭ പാസാക്കുന്ന നിയമനിർമ്മാണങ്ങൾക്ക് ഉദ്യോഗസ്ഥരുടെ കൈകൾക്ക് ഇത്രമാത്രം അധികാരം കൊടുക്കുന്നുണ്ടോ; അങ്ങനെ അധികാരം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്താൽ അത് നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ ടൂറിസത്തിന്റെ കാഴ്ചപ്പാടി നനുസൃതമായ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുമോ? അതുകൊണ്ട് കമ്മിറ്റിയുടെ ഘടനയിൽ സാരമായ മാറ്റം വരുത്തണം. എന്റെ ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ ശാസ്ത്രീയമായതല്ലേ? കടൽ മേഖലയുമായി ബന്ധപ്പെട്ട് തീരദേശ സംരക്ഷണ നിയമം ഈ രാജ്യത്തുണ്ട്. നമ്മൾ ആരെങ്കിലും വിചാരിച്ചാൽ അത് ലംഘിക്കുവാൻ കഴിയുമോ? ഈ നിയമവുമായി ബന്ധപ്പെട്ട് ആ നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് എത്രമാത്രം നമ്മുടെ വികസന കാര്യങ്ങൾ മുന്നോട്ട് പോകും അതിന് ആരാണ് നമുക്ക് അഡ്വൈസ് തരുന്നത് കടൽ മേഖലയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ വരുമ്പോൾ ഈ നിയമത്തിന്റെ അടിസ്ഥാനം കൂടി കാണാതെ നിയമനിർമ്മാണത്തിലേക്ക് പോകാൻ കഴിയുമോ? നമ്മുടെ കാഴ്ചപ്പാടിന്റെ പൊതു ധാരണയിൽനിന്നുകൊണ്ട് അതിന് പറ്റിയ വിദഗ്ദ്ധമായ അഭിപ്രായം പറയുന്നതിന് ചിലർ വേണ്ടേ? ടൂറിസം മേഖലയെക്കുറിച്ച് ആധികാരികമായി പറയാൻ കഴിയുന്ന പരിണതപ്രജ്ഞരായ ആളുകൾ അനുഭവസമ്പത്തുള്ള കാഴ്ചപ്പാടുള്ള സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവർ ഈ കമ്മിറ്റിയിൽ വേണ്ടേ? മൊത്തം നോക്കിയാൽ ഉദ്യോഗസ്ഥർ മാത്രമുള്ള കമ്മിറ്റിയാണ്. ജനകീയ സ്വഭാവം ഈ കമ്മിറ്റിയിൽ ഇല്ല. ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായിട്ടും ഇത് അടുത്ത പരിശോധനയിൽ കൊണ്ടുവരണം. വേണമെങ്കിൽ ഇത് ഉൾപ്പെടുന്ന പ്രദേശത്തെ പ്രസിഡന്റിനെ കമ്മിറ്റിയിൽ എടുക്കാമെന്നുള്ളതാണ്. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ നേരത്തെ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, ഒരു ക്ലോസ് സെക്ഷൻ വരണമെന്ന്. അല്ലാതെ യൂണിവേഴ്സിറ്റിയിൽ ഒരു തൊഴിലാളി വന്നിരിക്കേണ്ട കാര്യമെന്താണ്? ഇതൊരു കാഴ്ചപ്പാടാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം തീരുമാനങ്ങൾ ഉണ്ടാകുന്നത്. ഇതിൽ ജനപ്രതിനിധികളുടെ അഭിപ്രായം വേണ്ടേ? ജനപ്രതിനിധികളല്ലേ ഇതിനകത്ത് പ്രധാന പങ്ക് വഹിക്കേണ്ടത്? ഉദ്യോഗസ്ഥരല്ല. ഉദ്യോഗസ്ഥരുടെ തീരുമാനം മാത്രമായി മുന്നോട്ട് പോയാൽ ഇതിൽ നമുക്ക് എവിടെയാണ് ഇടപെടാൻ കഴിയുക? അങ്ങനെ ഒരു കൺഫ്രണ്ടേഷന്റെ ലൈനിലേക്കാണോ പോകേണ്ടത് മറിച്ച് ജനപ്രതിനിധികളായ മെമ്പർമാർ വേണോ? അലോചിക്കേണ്ടേ? സെൻട്രൽ ആക്ടുമായി ബന്ധപ്പെട്ട് പല വിഷയങ്ങളും വരുന്നതല്ലേ? പാലമെന്റ് മെമ്പർമാരുടെ അഭിപ്രായവും പാർലമെന്റ് പ്രാതിനിധ്യവും വേണ്ടേ? അങ്ങനെ വരുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുകൂടി പ്രാതിനിധ്യം നൽകുന്ന വിധത്തിലുള്ള റെപ്രസന്റേഷൻ കമ്മിറ്റിയിൽ വേണം. നമ്മൾ നിയമനിർമ്മാണത്തിനുവേണ്ടി പല നിയമങ്ങളും കൊണ്ടുവന്നതിൽ മന്ത്രി ആരാണെന്നുള്ളതല്ലല്ലോ വിഷയം. മന്ത്രിയെന്നു പറയുമ്പോൾ അത് ആരായാലും ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട അഭിപ്രായം പറയേണ്ട തീരുമാനമെടുക്കേണ്ട അതോറിറ്റിയാണ്. എന്നാൽ ഇതിൽ മിനിസ്റ്റർ ഇല്ലല്ലോ? എന്താണ് മിനിസ്റ്റരെ ഒഴിവാക്കിയത്? അതിന് ഇതിൽ പ്രൊവിഷൻ വയ്ക്കണം. കാരണം കമ്മിറ്റിക്കാണ് ഏറ്റവും വലിയ അധികാരം. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഗവൺമെന്റിന്റെ അധികാരമായാലും അത് ഫങ്ഷൻ ചെയ്തു തുടങ്ങിയാൽ നിങ്ങൾ എന്ത് വ്യാഖ്യാനം പറഞ്ഞാലും കമ്മിറ്റിക്ക് ഒരുപാട് അധികാരങ്ങൾ വരികയാണ്. കമ്മിറ്റിയിൽ മന്ത്രി വേണമെന്ന് നിർബന്ധിച്ചു പറയുന്നതിനുള്ള കാരണം ജനാധിപത്യ സ്വഭാവമുള്ള

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായങ്ങൾ കേൾക്കാൻ ജനങ്ങളുടെ അഭിപ്രായങ്ങൾ വരുമ്പോൾ അത് കേൾക്കാനാ ളുണ്ടാകണം; അത് പ്രതിഫലിപ്പിക്കണം. ഇത്രയുമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. ആ കമ്മിറ്റിയുടെ ഘടന അമിതമായ വിധത്തിലുള്ള ഉദ്യോഗസ്ഥരുടെ കമ്മിറ്റിയായി പോകാൻപാടില്ല. അതുപോലെ കമ്മിറ്റിയുടെ കർത്തവ്യങ്ങൾ പറയുന്നതിൽ എന്റെ വളരെ ശക്തമായ, വളരെ ചിന്തിപ്പിക്കുന്ന, ആശങ്കപ്പെടുന്ന ഒരു കാര്യം ഇവിടെ പറയുകയാണ്. അതിൽ 4 (1) വിനോദസഞ്ചാരത്തിന്റെ ആവശ്യത്തിലേക്ക് ടൂവിനിയോഗത്തിന്റെ ആസൂത്രണവും ഭൂമി നീക്കി വയ്ക്കലും സംബന്ധിച്ചതാണ്. ഇത് സംശയങ്ങൾക്ക് ഇടവരും. അക്കാര്യത്തിൽ ഒരു വിശദീകരണം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് തീർച്ചയായിട്ടും പ്രതീക്ഷിക്കുകയാണ്. സംശയത്തിന് ഇടവരുന്നതെന്തുകൊണ്ടാണ്? നമ്മുടെ ഗവൺമെന്റിന്റെ പൊതു സമ്പത്തും ഭൂമി ഉൾപ്പടെയുള്ളത് നഷ്ടപ്പെടുന്ന കയ്യേറ്റം ചെയ്യപ്പെടുന്ന പലതും നടക്കുന്നത് ടൂറിസത്തിന്റെ മറവിലാണ്. അങ്ങനെ ഒരു പുതിയ നിയമം കൊണ്ടുവന്ന് ഈ പറയുന്ന വകുപ്പുകൾ കൂടി വന്നാൽ ഭൂമി നികത്തുന്നതിന്, നെൽപ്പാടം നികത്തുന്നതിന് എതിരായി, പുഴകളും കായലുകളും നികത്തുന്നതിന് ശക്തമായിട്ടുള്ള പൊതുജനാഭിപ്രായം നാട്ടിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ടൂറിസത്തിന്റെ പേരിൽ ആയാലും അത്തരം കാര്യങ്ങളിൽ ജാഗ്രത വേണ്ടേ? ഈ വകുപ്പും ക്ലോസുമൊക്കെ വന്ന് കമ്മിറ്റിക്ക് എല്ലാ അധികാരവും കൊടുത്തു. കെ.എൽ.യു. ആക്ട് നടപ്പാക്കുമ്പോൾ പലതരത്തിലുള്ള പഴുതുകൾ ഉപയോഗിച്ച് കാര്യങ്ങൾ നടത്തുന്നു ണ്ടായിരിക്കും. പക്ഷെ നാട്ടിൽ ചട്ടവും നിയമവുമൊക്കെയുണ്ട്. ഇല്ലെങ്കിൽ ഇതൊക്കെ അനിയന്ത്രിതമായ വിധത്തിൽ പോകില്ലേ? അങ്ങനെ ഒരു സർവ്വാധികാരം കൂടി ആയാൽ കേരളത്തിലെ പല പ്രദേശങ്ങളും ഈ വിധത്തിൽ നഷ്ടപ്പെട്ടുപോകാൻ ഇടവരുന്ന വിധത്തിൽ പോകും എന്നുള്ള ആശങ്ക ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്. 6(9)-ൽ എല്ലാ സമയത്തും ഏതെങ്കിലും ഭൂമിയിലോ പരിസരങ്ങളിലോ പ്രവേശിക്കുന്നതിന് പ്രത്യേകം വിശദീകരണം വേണം. വിശദീകരണം വേണമെന്നുപറയാൻ കാരണം ഇത് നമ്മൾ ഉദ്ദേശിക്കുന്ന അർത്ഥത്തിലല്ലാതെ നേരത്തെ എന്റെ ബഹുമാന്യരായ സുഹൃത്തുക്കൾ സൂചിപ്പിച്ചതുപോലെ നമ്മുടെ സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾക്കെതിരായി ടൂറിസത്തിന്റെ മറവിൽ വലിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളും ഹോട്ടൽ റിസോർട്ട്സ് ശൃംഖലകളും കേരളത്തിലെ അനിയന്ത്രിതമായ ചൂഷണത്തിന് വിധേയമായിക്കൂടാ. സ്റ്റേറ്റിന്റെ പൊതുവായ വികസനത്തിന് മുന്നോട്ട് പോകണം, ഒപ്പം നമ്മുടെ പാരമ്പര്യവും പൈതൃകവും സംസ്ക്കാരവും സംരക്ഷിക്കപ്പെടുകയും വേണം. ഇതുകൂടി വച്ചുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്. പിന്നെ അങ്ങിവിടെ കോവളത്തെക്കുറിച്ച് പറഞ്ഞു. തീർച്ചയായും കോവളത്തിന് പ്രാധാന്യം കൊടുക്കണം. ഞാൻ ഈ അടുത്ത കാലത്ത് ഒരു റിപ്പോർട്ട് വായിച്ചത്, എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ ഇതിക്കുകയല്ലേ, കോവളത്തെക്കുറിച്ച് അന്ന് ആരാണങ്ങനെ തീരുമാനിച്ചത്. കേരളത്തിൽ അതിനെക്കാളൊക്കെ പ്രകൃതി രമണീയമായ കടൽമേഖലകളുണ്ട്. കോവളം തിരുവനന്തപുരത്തായതുകൊണ്ട്, മോശമാക്കി പറയുന്നതല്ല. കോവളത്തെക്കാൾ ഉപരിയായിട്ടുള്ള സ്ഥലങ്ങളൊക്കെ കേരളത്തിലുണ്ട്. പക്ഷേ അത് കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കാനുള്ള സംവിധാനമിവിടെയില്ല. ഞാൻ ശ്രീ. പ്രതാപന്

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷമുള്ള ഒരു കാര്യം പറയാം. ഒരു റിപ്പോർട്ട് കണ്ടോ? വലപ്പാട് ലോകത്തിൽ 6-ാമത്തെ ഏറ്റവും നല്ല ബീച്ച് എന്നുപറയുന്നതിൽ, ഇനി വലപ്പാട് എന്നുമാത്രം പറയേണ്ട. ആ belt, മണ്ഡലങ്ങളൊക്കെ ഒന്നാകുകയാണ്. ചേർപ്പും, നാട്ടികയുമൊക്കെ ഒന്നാകുകയാണ്. ആ മേഖലയാണ് ലോകത്തിലെ ഏറ്റവും നല്ല ബീച്ച് ഡെവലപ്പ് ചെയ്യാനുള്ള പ്രദേശമെന്ന് റിപ്പോർട്ടുകൾ വന്നിരിക്കുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ: ശ്രീ. കെ. പി. രാജേന്ദ്രൻ, വലപ്പാട് മുതൽ തളിക്കുളം വരെയുള്ള തീരപ്രദേശം പ്രത്യേകം ടൂറിസം സാധ്യതയുള്ള പ്രദേശമാക്കി മാറ്റുന്നതിനുവേണ്ടി ബഹുമാന്യനായ മന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായ സജഷൻ വരുന്നുണ്ട്. വലപ്പാട് മുതൽ തളിക്കുളം വരെയുള്ള മേഖലയ്ക്കുവേണ്ടി ടൂറിസം സാധ്യതകളെപ്പറ്റി പഠിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കാനുള്ള ഒരു അപേക്ഷ കൊടുത്തിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ പറയുമെന്നാണ് എന്റെ പ്രതീക്ഷ.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): കേരളത്തിന്റെ തീരദേശം മുഴുവൻ ഒരു ടൂറിസ്റ്റ് സെന്ററാക്കി ഡെവലപ്പ് ചെയ്താൽ മനോഹരം തന്നെ. അതേസമയം കോവളം ബീച്ച് anywhere in Kerala, ഏറ്റവും പ്രസിദ്ധമായ, comparable to any international beach, comparable to any Miami beach or Hono Lunu beach ആണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ. കോവളം ഞാൻ അംഗീകരിച്ചു. കോവളം കഴിഞ്ഞിട്ടുള്ള മൊത്തം തീരദേശ മേഖലയും ഞാൻ അംഗീകരിച്ചു. ഞാനിവിടെ ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കുകയാണ്. കുമരകത്തുള്ള ഹോട്ടലുകളിൽ അവിടത്തെ പഞ്ചായത്ത് ഭരണസമിതി ഞങ്ങൾക്കൊരു പെറ്റിഷൻ തന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കുമരകത്ത് ഇവരാരെങ്കിലും പഞ്ചായത്ത് ഭരണസമിതിക്ക് നികുതി വല്ലതും കൊടുക്കുന്നുണ്ടോ? പഞ്ചായത്ത് പ്രസിഡന്റും ഭരണസമിതിയും ഞങ്ങളുടെയടുത്തുവന്നു സംസാരിച്ചപ്പോൾ വലിയ ഹോട്ടൽകാരും പഞ്ചായത്തിന് കൊടുക്കേണ്ട നികുതി കൊടുക്കുന്നില്ലെന്നാണറിഞ്ഞത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരുപാട് അധികാരമില്ലേ. ഇവിടെ ശ്രീ. ടി. കെ. ദേവകുമാർ സൂചിപ്പിച്ച ഒരു കാര്യം ഉണ്ട്. പഞ്ചായത്തുകളുടെ അധികാരം കൂടി നഷ്ടപ്പെട്ട് പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വന്നാൽ കേരളത്തിലെ പല സ്ഥാപനങ്ങൾക്കും കിട്ടേണ്ട റവന്യൂ വരുമാനം നഷ്ടപ്പെടില്ലേ എന്നൊരു ആശങ്ക ഞാനിവിടെ പ്രകടിപ്പിക്കുന്നു. ടൂറിസ്റ്റുകൾക്കുള്ള സംരക്ഷണത്തിൽ ഇതായിരുന്നു ഒരു വ്യവസ്ഥ. ടൂറിസ്റ്റുകളെ സംരക്ഷിക്കാനും അവർ ചൂഷണം ചെയ്യപ്പെടാതിരിക്കാനും ടൂറിസ്റ്റുകൾക്ക് പ്രത്യേകിച്ച് സ്ത്രീ ടൂറിസ്റ്റുകൾക്ക് ആവശ്യമായ പ്രൊട്ടക്ഷൻ നൽകാനുമുള്ള നടപടികളുണ്ടാകണം. കണ്ടൽക്കാട് ഉൾപ്പെടെയുള്ള green belt സംരക്ഷണ കാര്യങ്ങളൊക്കെ പറയുമ്പോഴും ഈ നല്ല നിർദ്ദേശങ്ങൾ വയ്ക്കുന്നത് ഇതിനകത്തുള്ള പോരായ്മകൾ നികത്തി കുറ്റമറ്റവിധത്തിൽ ചില സജഷൻസ് അംഗീകരിക്കുന്നതിനുവേണ്ടിയാണ്. ഉദ്യോഗസ്ഥ മേധാവിത്വമുള്ള ഒരു കമ്മിറ്റിക്ക് ടൂറിസത്തെ ഏൽപ്പിച്ചുകൊടുത്താൽ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വലിയ പ്രത്യാഘാതങ്ങളുണ്ടാക്കാൻ ഒരു നിയമ നിർമ്മാണത്തിലൂടെ നമ്മൾ വഴിതുറക്കുമെന്ന ആശങ്കയും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു. എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സംസാരിച്ച പല കാര്യങ്ങളും ഞാൻ സശ്രദ്ധം കേൾക്കുകയായിരുന്നു. ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ ഇത് ഏതോ ഗൂഢാലോചനയുടെ ഫലമായിട്ടുണ്ടായ ഒരു ബില്ലാണെന്ന് പറഞ്ഞു. എന്തു കണ്ടാലും എ.ഡി.ബി.എന്ന അത്താണിയിൽ പിടിച്ചിട്ടാണ് പ്രതിപക്ഷ മെമ്പർമാർ പ്രസംഗം തുടങ്ങുന്നത്. ശ്രീ. ഗോവിന്ദൻ മാസ്റ്റർ, അങ്ങ് തുടങ്ങുന്നുണ്ടല്ലോ കണ്ണൂരിലെ പറശ്ശിനിക്കടവിൽ വലിയ ടൂറിസം പ്രോജക്ട്. അവിടത്തെ വിവാദങ്ങളിലേയ്ക്കല്ല ഞാൻ കടക്കുന്നത്. വിവാദങ്ങളെ പ്രോൽസാഹിപ്പിക്കുന്ന ആളല്ല, പദ്ധതികൾ തുടങ്ങണമെന്ന് വിചാരിക്കുന്ന ആളാണ് ഞാൻ. അപ്പോൾ ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് കണ്ണൂരിന്റെ സാധ്യതകളെ വർദ്ധിപ്പിക്കുമെന്ന് കണ്ടിട്ടായിരിക്കും നിങ്ങൾ തുടങ്ങുന്നത്. അതിനെക്കുറിച്ച് എ.ഡി.ബി.യുടെ വകയായി ഞാൻ ഈ ഭാഗത്തുനിന്ന് ആക്ഷേപിച്ചാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ പറഞ്ഞ നിർദ്ദേശങ്ങളെ ബഹുമാനത്തോടെയാണ് ഞാൻ കാണുന്നത്. ഈ വിധത്തിൽ ആശങ്ക ദൂരീകരിച്ചുതന്നെ പോകണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ നയമുണ്ട്. കേരളത്തിന്റെ പ്രകൃതിസൗന്ദര്യം നിലനിർത്തണമെന്നതാണ് അടിസ്ഥാനപരമായ തത്വം. അത് നിലനിർത്തുന്നതിനുവേണ്ടി ഈ രംഗത്തുണ്ടാകുന്ന ഇടപെടലുകളെ നിയന്ത്രിക്കാനുള്ള ഒരു മാർഗ്ഗനിർദ്ദേശം നൽകാൻ വേണ്ടിയുള്ള ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റിക്ക് സർവ്വാധികാരം കൊടുത്തിരിക്കുന്നു എന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല. എല്ലാ ലൈസൻസുകളും പഞ്ചായത്തിന്റെ കയ്യിലാണ്. ആ ലൈസൻസിംഗ് സിസ്റ്റം ആരും എടുത്തു മാറ്റിയിട്ടില്ല. കോവളത്തിന്റെ കാര്യം ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ ഇവിടെ പറഞ്ഞു. ആരാണ് floating restaurant-ന് അനുമതി കൊടുത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതാണ്. വീണ്ടും വിവാദങ്ങളിലേക്ക് പോകുന്നതല്ല. തിരുവനന്തപുരം കോർപ്പറേഷനിൽ floating restaurant തുടങ്ങാൻ അനുമതി കൊടുത്തത് ഈ ഗവൺമെന്റാണോ? ഈ ഗവൺമെന്റല്ല. ഗവൺമെന്റിനെതിരായിട്ടാണ് സമരം. അനുമതി കൊടുത്ത കോർപ്പറേഷനെതിരെ ആർക്കും ഒരാക്ഷേപവുമില്ല. ഇപ്പോൾ കോവളത്തെ എല്ലാ വികസനപ്രവർത്തനങ്ങളും നടത്തുന്നത് അവിടുത്തെ പഞ്ചായത്ത് സമിതികളാണ്. ബഹുമാനപ്പെട്ട കെ. വി. തോമസ് മന്ത്രിയായിരുന്ന കാലത്തുണ്ടാക്കിയ കമ്മിറ്റിയാണ് അവിടത്തെ തദ്ദേശവാസികളായ ആളുകളെയും പഞ്ചായത്തുകളെയും കോൺഫിഡൻസിൽ എടുക്കാതെ ഒരു വികസന പ്രവർത്തനവും നടത്തുന്ന പ്രശ്നമേയില്ല. ഇത് ഉദ്യോഗസ്ഥരുടെ കമ്മിറ്റിയാകാൻ എന്താണ് കാരണം? ഇതിനകത്തൊരു ഗൈഡ്ലൈൻ കൊടുക്കാൻ, നമ്മളാരും ടെക്നിക്കലി കാളിഫൈഡല്ല, കൺസെപ്റ്റ് എന്താണ്? ബീച്ച് പ്രദേശങ്ങൾ മുഴുവനും കെട്ടിടങ്ങൾ ഉണ്ടാക്കലാണ്. ബീച്ച് തുറസ്സായി കിടക്കണം. വിനോദ സഞ്ചാരികളുടെ ഏറ്റവും വലിയ ആകർഷകത നിശ്ശബ്ദതയാണ്. അവർ ആവശ്യപ്പെടുന്നതും അതാണ്. അത്തരം പ്രദേശങ്ങളെ ഫ്രീ

LIBRARY ARCHIVES Kerala Legislative Assembly

ആക്കി വിടണം. ഇത് റെഗുലേറ്റ് ചെയ്യാൻ ഒരു ബോഡി ഉണ്ടാകണം. ആ ബോഡിയ്ക്കകത്ത് ഉദ്യോഗസ്ഥർക്ക് അധികാരം കൊടുത്തു എന്നുള്ളതിൽ യാതൊരടിസ്ഥാനവുമില്ല. അവർക്ക് ഒരു ഗൈഡ്ലൈൻ കൊടുക്കാനുള്ള അവകാശവും, ആ ഗൈഡ്ലൈൻ നടപ്പിൽ വരുത്തുന്നു എന്നുള്ള ഉറപ്പാക്കലുമാണ് ആവശ്യം.

ശ്രീ. ടി. കെ. ദേവകുമാർ: സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ കൈകളിൽ ഭരണം ഏല്പിക്കണമെന്നാണെങ്കിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഭരണം അങ്ങ് ഒഴിവാക്കണം. കാരണം അങ്ങേയ്ക്ക് ഇതിനെപ്പറ്റി യാതൊരു സാങ്കേതിക വൈദഗ്ദ്ധ്യവുമില്ല. അങ്ങ് മന്ത്രിസ്ഥാനം ഒഴിയണം. സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് ജനപ്രതിനിധികൾ രാജ്യം ഭരിക്കുന്നതാണ് ജനാധിപത്യ സംവിധാനമെങ്കിൽ ഇതിന്റെ ചെയർമാൻ സ്ഥാനമെങ്കിലും നിങ്ങൾ ഒരു ജനപ്രതിനിധിയെ ഏല്പിക്കണം.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ തെറ്റിദ്ധരിക്കേണ്ട. ഞാൻ പറഞ്ഞ സ്ഥാനത്തുതന്നെ നിൽക്കുകയാണ്. ഉത്തരവാദപ്പെട്ട സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നടപടിയുണ്ടാക്കി ചെയ്യിക്കലാണ് രാഷ്ട്രീയ നേതൃത്വത്തിന്റെ ഏറ്റവും വലിയ കഴിവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുതന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അല്ലാതെ ഞാൻ എല്ലാം അറിയുന്ന ആളാണ്, അതുകൊണ്ടുതന്നെ എല്ലാം ചെയ്യണമെന്ന് വിചാരിച്ച് കൊണ്ടുപോകുന്നതല്ല ജനാധിപത്യത്തിന് ഭൂഷണം. അറിവുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരെയും അതുപോലെ കഴിവുള്ളവരെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണം. അവരുടെ വിജ്ഞാനം ഉപയോഗിക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതല്ലാത്തവരൊന്നുമല്ല അപ്പുറത്തിരിക്കുന്നവർ. ഇത് ഞാൻ വളരെയധികം കണ്ടതല്ലേ? ഇക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത് അത്രയും ആശങ്കക്കൊന്നും യാതൊരു അടിസ്ഥാനവുമില്ല. നിങ്ങളുടെ ആശങ്കയെല്ലാം അസ്ഥാനത്താണ് എന്നാണ്. ഇപ്പോൾ കോവളം കൊട്ടാരം ഏറ്റെടുക്കാൻ പോകുന്നു. കൊട്ടാരവും 4.23 ഹെക്ടർ ഭൂമിയും ഏറ്റെടുക്കാനുള്ള ചങ്കൂറ്റം കേരള ഗവൺമെന്റ് കാണിച്ചു. ഞങ്ങളെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ ഒരു കാര്യം ആദ്യമേ പറഞ്ഞിട്ടുണ്ട്. കേരള സർക്കാരിന് അവകാശപ്പെട്ട ഒരിഞ്ച് ഭൂമിപോലും ഏതു ടൂറിസത്തിന്റെ പേരിലായാലും ഏതു സ്വകാര്യ സംരംഭത്തിന്റെ പേരിലായാലും വിട്ടുകൊടുക്കുന്ന പ്രശ്നമേയില്ലെന്ന്. അത് ഏതു സന്ദർഭത്തിലും ഞങ്ങൾ അടിവരയിട്ട് പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ കേരളത്തിന്റെ പ്രകൃതിഭംഗി സംരക്ഷിക്കാനാവശ്യമായ സംവിധാനമുണ്ടാവണം. ഇവിടെ സൂചിപ്പിച്ചത് ഞാൻ അംഗീകരിക്കുന്നു; ടൂറിസം മേഖലയിൽ മസാജ് പാർലറുകളുണ്ട്. ആരാണ് ലൈസൻസ് കൊടുക്കുന്നത്? ടൂറിസം ഡിപ്പാർട്ടുമെന്റാണോ? ഇപ്പോഴുള്ള നിയമമനുസരിച്ച് ഞങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ല. അതിനുവേണ്ടി പ്രത്യേകമായി നിയമം കൊണ്ടുവരാൻ പറ്റില്ല, നമ്മൾ പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ ഇതിനകത്ത് ചട്ടംമൂലം നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അല്ലാത്ത സ്ഥലത്ത് ആരോഗ്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് പ്രത്യേകമായ തീരുമാനമെടുക്കാൻ പോവുകയാണ്. ഒരു സംശയവും വേണ്ട. കേരളത്തിന്റെ ക്വാളിറ്റിയും സംസ്ക്കാരവും

LIBRARY ARCHIVES Kerala Legislative Assembly

നിലനിർത്തുന്ന രീതിയിൽ മാത്രമേ ടൂറിസം അനുവദിക്കുന്ന പ്രശ്നമുള്ളൂ. അല്ലാത്ത കള്ള നാണയങ്ങളെ കണ്ടുപിടിച്ച് നിയന്ത്രിക്കുകതന്നെ ചെയ്യും. അടിസ്ഥാനപരമായി ഞങ്ങളുടെ കാഴ്ചപ്പാടുതന്നെ കേരളത്തിന്റെ പ്രകൃതി ഭംഗിയും സംസ്ക്കാരവും നിലനിർത്തിയാൽ മാത്രമേ ടൂറിസത്തിന് കേരളത്തിൽ സാധ്യതയുള്ളൂ എന്നതാണ്. അല്ലെങ്കിൽ നൈമിഷികമായ സാദ്ധ്യതകളാണുള്ളത്. നൈമിഷികമായ സാദ്ധ്യതകൾ നമുക്കുവേണ്ട. ദീർഘകാലം നിൽക്കുന്ന സാദ്ധ്യതകളാണ് നമുക്കുവേണ്ടത്, അതിനുവേണ്ടിത്തന്നെയാണ് ഈ നിയമം ഉണ്ടാക്കിയിരിക്കുന്നത്. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലൈസൻസിംഗിന് അധികാരമുണ്ട്. അതിന് ഗവൺമെന്റിന് അപ്പീലിംഗ് അതോറിറ്റിയില്ലേ? ഗവൺമെന്റല്ലേ അപ്പീൽ കേൾക്കുന്നത്? ഗവൺമെന്റല്ലേ നിയന്ത്രിക്കുന്നത്? ഏതു സ്ഥാപനത്തിനും ഗവൺമെന്റിന്റെ തീരുമാനമല്ലേ അന്തിമമായിട്ടുള്ളത്? അതുപോലെ ലൈസൻസിംഗ് അതോറിറ്റി ഇപ്പോൾ പഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. ഗവൺമെന്റിന്റെ ഗൈഡ്ലൈനിൽ എടുക്കുന്ന തീരുമാനത്തിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അതിന് ഗവൺമെന്റിന് അപ്പീൽ കൊടുക്കാൻ പ്രൊവിഷൻ വച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ ഉന്നയിച്ചതുപോലെ environmentalist-ഉം അതുമായി ബന്ധപ്പെട്ട ആളുകളുമൊക്കെ വേണമെന്നുള്ള കാര്യമുണ്ട്. അത് നമുക്ക് ആലോചിക്കാവുന്ന കാര്യമാണ്. പഞ്ചായത്ത് പ്രസിഡന്റിനെ സ്ഥിരമായി വിളിക്കണമെന്ന് പറഞ്ഞു. അത് നമുക്ക് ആലോചിക്കാവുന്നതാണ്. ഈ കാര്യങ്ങളിലൊന്നും ഗവൺമെന്റിന് യാതൊരു പിടിവാശിയുമില്ല. കേരളത്തിലെ ടൂറിസം മേഖലയെ മുഴുവൻ പിടിച്ചെടുത്ത് ആർക്കെങ്കിലും ഒത്താശചെയ്തുകൊടുക്കാനാണ് എന്നൊക്കെ പറയുന്നത് ..... ഞങ്ങളെക്കൊണ്ട് ഒന്നും പറയിപ്പിക്കരുതെന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. കേരളത്തിൽ ടാജ് ഗ്രൂപ്പ് വന്നതുതന്നെയാണ് ടൂറിസം വികസനത്തിന്, ഏറ്റവും വലിയ മുതൽക്കൂട്ടുണ്ടാക്കാൻ ഒരു പ്രധാനപ്പെട്ട കാരണം. അതിന് ആരൊക്കെ കാരണക്കാരായി എന്നുപറഞ്ഞാൽ അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്തിരിക്കുന്നവർക്കും ഒരുപോലെ പങ്കുണ്ട്. ഇവിടെ ബഹുരാഷ്ട്ര കമ്പനിയൊക്കെ വരണം. ടൂറിസം രംഗത്തും വരണം. വൻകിട ഹോട്ടൽ സംരംഭങ്ങൾ വരണം. അത് വരാതെ ഇവിടെയുള്ള വികസന പ്രവർത്തനമൊന്നും നടക്കില്ല. അപ്പോൾ അവരെല്ലാം മോശക്കാരാണെന്ന് പറയാൻ പാടില്ല. അങ്ങ് ബഹുരാഷ്ട്ര കമ്പനികൾക്കും മറ്റു ഗ്രൂപ്പുകൾക്കും എതിരായിട്ടൊക്കെ പറഞ്ഞതിന്റെ ചേതോവികാരം എനിക്ക് എന്തായാലും പൂർണ്ണമായി മനസ്സിലായിട്ടില്ല. എന്തായാലും ഈ രംഗത്ത് ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധി വളരെ ക്ലിയറാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്. ആ പേര് എല്ലാ കാലത്തും നിലനിൽക്കണം. അതിനുവേണ്ടിയുള്ള ഒരു ശ്രമമാണ് ഗവൺമെന്റ് നടത്തിയത്. ഇതിനകത്തുണ്ടാകുന്ന എല്ലാ പോസിറ്റീവായിട്ടുള്ള നിർദ്ദേശങ്ങളെയും നല്ല മനസ്സോടുകൂടി സ്വീകരിക്കാൻ തയ്യാറാണ്. ദുഷ്ചിന്തകളൊന്നും ഗവൺമെന്റിന്റെ ഭാഗത്തില്ല എന്നുമാത്രം ഞാനിവിടെ സൂചിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: സർ ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച 11-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(8) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും ഒരേ രൂപത്തിലുള്ള ബില്ലുകളാണ്. പേരിന് ഒരു മാറ്റമുണ്ടെന്ന് മാത്രമേയുള്ളൂ. യഥാർത്ഥത്തിൽ ഇത് രാവിലെയുള്ള ബില്ലിന്റെ തുടർച്ചയായി എടുക്കേണ്ടതായിരുന്നു. രാവിലെ എടുത്ത 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലും 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും വാർഡുകളുടെ എണ്ണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതായിരുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നമ്മൾ രാവിലെ എടുത്തത് പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലാണ്. ഇപ്പോൾ എടുക്കുന്നത് പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലാണ്. അതുപോലെ രാവിലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലാണ് എടുത്തത്. ഇപ്പോൾ എടുക്കാൻ പോകുന്നത് കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലാണ്. അപ്പോൾ നമ്മൾ തഴോട്ടുതാഴോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. അതെന്തുകൊണ്ടാണ്? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ കൈയിൽ കിട്ടിയതുകൊണ്ടാണോ താഴോട്ട് പോയ്ക്കൊണ്ടിരിക്കുന്നത്?

ശ്രീ. എ. കെ. ബാലൻ: രാവിലെയുള്ള ബിൽ വാർഡുകളുടെ എണ്ണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. അപ്പോൾ അതിനൊരു sequence ഉണ്ട്, അത് കറക്ടാണ്. ഇപ്പോൾ ഡിലിമിറ്റേഷൻ നടത്തുകയാണ്. എന്നുപറഞ്ഞാൽ വാർഡുകളുടെ പുനർനിർണ്ണയവും അതിർത്തി നിർണ്ണയവുമാണ് നടത്താൻ പോകുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ്. ഇത് ഇത്ര ധൃതിപിടിച്ച് ചർച്ച നടത്തി തീർക്കേണ്ടതല്ല. ഇതിൽ ഒരുപാട് അപകടങ്ങളുണ്ടെന്നുള്ളതുകൊണ്ടാണ് ഞങ്ങളിത് വളരെ ഗൗരവമായെടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly